കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാവേലിക്കര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-ജി എ$_8$-405/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.03.06.2020
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

മാവേലിക്കര നഗരസഭ

സർ,

വിഷയം : മാവേലിക്കര നഗരസഭ- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 295(3) വ്യവസ്ഥകൾ പ്രകാരം **മാവേലിക്കര നഗരസഭ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 , 3 ഇവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭഎടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15) .

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുൻസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊല്ലം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-ജിഎ8 - 405/2020 തീയതി, 03.06.2020

# ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരള മുൻസിപ്പാലിറ്റി നിയമം- വകുപ്പ് *295(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ **മാവേലിക്കര നഗരസഭ**യുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2019 മുതൽ 10.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.12.2019 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഹരികുമാർ . ജി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11-03-2020 മുതൽ<br>20-03-2020 വരെ | ശ്രീമതി.എൽസമ്മ .എസ്, ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.സാബു . പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. രാജേഷ് . കെ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രവീൺ ഷേണായി, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സുഷ .റ്റി. പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.മനേഷ് കുമാർ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഉണ്ണികൃഷ്ണൻ .സി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽ. കെ.ബി, ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

1) <u>ചെയർപേഴ്സൺ</u>

| | |
|---|---|
| ശ്രീമതി.ലീലാ അഭിലാഷ് | 01.04.2018 മുതൽ 31.03.2019 വരെ |

2) <u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മിറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി.കെ മഹേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി.സജിനി ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സതി കോമളൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യം | ശ്രീമതി.വിജയമ്മ ഉണ്ണികൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | പൊതുമരാമത്ത് | അഡ്വ.നവീൻ മാത്യൂ ഡേവിഡ് | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | വിദ്യാഭ്യാസം | ശ്രീമതി.ജയശ്രീ അജയകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

3) <u>സെക്രട്ടറി</u>

| പേര് | കാലയളവ് |
|---|---|
| ശ്രീ.ബിജു.എസ്. | 01.04.2018 മുതൽ 19.06.2018 വരെ |
| ശ്രീ.ലാൽ പ്രമോദ്,<br>സൂപ്രണ്ട് (സെക്രട്ടറി-ഇൻ ചാർജ്ജ് ) | 20.06.2018 മുതൽ 28.06.2018 വരെ |
| ശ്രീ.ബിനുജി. ജി. | 29.06.2018 മുതൽ 31.03.2019 വരെ |

4) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എം.എൻ.പ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിന്ധു എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കൃഷ്ണ കുമാരി | 01.04.2018 മുതൽ 19.07.2018 വരെ |
| | ശ്രീമതി.ബീന സി. | 20.07.2018 മുതൽ 16.09.2018 വരെ |
| | ശ്രീമതി.സുജാത കെ.ബി. | 17.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | ഡോ.ഷഹാനാ.കെ.മുഹമ്മദ് | 01.04.2018 മുതൽ 28.01.2019 വരെ |
| | ഡോ.കോശി ഇടിക്കുള | 29.01.2019 മുതൽ 27.03.2019 വരെ |
| | ഡോ.രഞ്ജി കെ. രാജൻ | 28.03.2019 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ആശാറാണി | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. കെ. റംലാ | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രോജക്ട് ഓഫീസർ ദാരിദ്ര്യലഘൂകരണ വിഭാഗം | ശ്രീ. ദിലീപ് കുമാർ . ടി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജയദാസ്.ഡി | 01.04.2018 മുതൽ 18.06.2018FN വരെ |
| | ശ്രീമതി.അഞ്ജു .പി.റ്റി | 18.06.2018 AN മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | ഖണ്ഡിക നം. | ഇനം |
|---|---|---|

| നം. | | |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1മുതൽ<br>1- 12വരെ | പൊതു അവലോകനം |
| 2 | 1-13 | മാന്വൽ / സാംഖ്യ രസീതുകളുടെ പരിപാലനത്തിൽ അലംഭാവം |
| 3 | 1-14 | വസ്തു നികുതി – തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തിയത് മൂലമുള്ള നഷ്ടം |
| 4 | 1-15 | വസ്തു നികുതി -ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നില്ല |
| 5 | 1-16 | കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നല്കി -ആകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല |
| 6 | 1-17 | സഞ്ചയ സോഫ്റ്റ് വേറിൽ തറവിസ്തൃതിക്കനുസൃതമായിട്ടുള്ള നിരക്ക് തെറ്റായി രേഖപ്പെടുത്തിയതു മൂലമുള്ള വസ്തു നികുതി നഷ്ടം |
| 7 | 1-18 | (a)വസ്തു നികുതി – സ്വകാര്യ ഹോസ്റ്റൽ കെട്ടിടത്തെ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചു<br>(b) പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ ഗോഡൗൺ പ്രവർത്തനത്തിന് ലൈസൻസ് – മുനിസിപ്പൽ ഫണ്ടിന് നഷ്ടം |
| 8 | 1-19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി -സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടവറുകളെയും ഡേറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 9 | 1-20 | ലോഡ്ജുകളായി നികുതി നിർണ്ണയിച്ച കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി , ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല |
| 10 | 1-21 | വസ്തുനികുതി – 5 മീറ്ററിലധികമുള്ള പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 20ശതമാനം വർദ്ധിപ്പിച്ചില്ല |
| 11 | 1-22 | വിദ്യാഭ്യാസ ആവശ്യമെന്ന രീതിയിൽ വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിന് ഹോസ്റ്റൽ നടത്തിപ്പിനായി ലൈസൻസ് അനുവദിച്ചു |
| 12 | 1-23 | ഒന്നാം നിലയുള്ള കെട്ടിടങ്ങൾക്കും മുഴുവൻ തറവിസ്തൃതിയ്ക്ക് ബാധകമാക്കി കുറഞ്ഞ മേൽക്കൂരയുടെ ഇളവ് അനുവദിച്ചു -വസ്തു നികുതിയിൽ നഷ്ടം |
| 13 | 1-24 | തൊഴിൽ /സ്ഥാപന നികുതി നികുതി പിരിവിൽ അപാകതകൾ |
| 14 | 1-25 | വാടക കുടിശ്ശികയും മറ്റ് അപാകതകളും |
| 15 | 1-26 | ലോഡ്ജിംഗ് റൂമുകളിൽ നിന്നും മുറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല |
| 16 | 1-27 | പൊതു ലേലം -ആസ്തികൾ സജ്ജമാക്കി കൈമാറുന്നതിന് താമസം നേരിടുന്നു |
| 17 | 1-28 | ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ നഗരസഭയ്ക്ക് തിരികെ ലഭിച്ചില്ല |
| 18 | 1-29 | കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതു സംബന്ധിച്ച് |
| 19 | 1-30 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതു |
| 20 | 1-31 | പെൻഷൻ കോണ്ട്രിബ്യൂഷൻ അടവാക്കുന്നത് |
| 21 | 1-32 | ആദായനികുതി ഈടാക്കിയില്ല |
| 22 | 1-33 | ഹോണറേറിയം തുക നല്കിയത് |
| 23 | 1-34 | സർക്കാർ ഡ്യൂസ് അടയ്ക്കാത്തത് |
| 24 | 1-35 | മുൻകൂറായി അനുവദിച്ച തുക ക്രമവൽക്കരിച്ചില്ല |
| | | |

| | | |
|---|---|---|
| 25 | 1-36 | മുഴുവൻ നഗരസഭാ ജീവനക്കാരെയും എസ്.എൽ.ഐ , ജി.ഐ.എസ് സ്കീമുകളിൽ ഉൾപ്പെടുത്തിയില്ല |
| 26 | 1-37 | ലൈബ്രറി സെസ് -ഒടുക്കുന്നില്ല |
| 27 | 1-38 | പാലിയേറ്റീവ് കെയർ -മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല |
| 28 | 1-39 | സ്വയം തൊഴിലിന് ഓട്ടോ റിക്ഷ (പട്ടിക ജാതി )നടപടിക്രമത്തിൽ വീഴ്ച |
| 29 | 1-40 | സോളാർ പാനൽ സ്ഥാപിക്കൽ -പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു |
| 30 | 1-41 | കെൽട്രോണിന് അധിക തുക നല്കി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ – തുക നിരാകരിക്കുന്നു |
| 31 | 1-42 | സോഡിയം വേപ്പർലാമ്പ് അറ്റകുറ്റപ്പണികൾ -സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക വകയിരുത്തി |
| 32 | 1-43 | മീറ്റർ ഘടിപ്പിക്കാത്തതിനാൽ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ അധിക ബാധ്യത |
| 33 | 1-44 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല – അധികൃതരുടെ തികഞ്ഞ അനാസ്ഥ |
| 34 | 1-45 | ഗ്യാസ് ക്രിമറ്റോറിയം -അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കിയില്ല |
| 35 | 1-46 | ഒരു കോടിയിൽപ്പരം രൂപയുടെ നീക്കിയിരുപ്പുമായി ഐ.ഡി.എസ്.എം.റ്റി അക്കൗണ്ട് |
| 36 | 1-47 | ഇടവിള കൃഷി -യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക തുക നല്കി |
| 37 | 1-48 | ദേശീയ ചേരി വികസന പദ്ധതി അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് |
| 38 | 1-49 | മുനിസിപ്പൽ പെൻഷൻ ഫണ്ട് -കമ്മിറ്റി തീരുമാനമെടുത്ത ശേഷവും അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| 39 | 1-50 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 40 | 1-51 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് -അപാകത |
| 41 | 1-52 | പി.എം.എ.വൈ/ലൈഫ് പദ്ധതി -അവലോകനം |
| 42 | 1-53 | പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തികൾക്ക് പിഴ ഈടാക്കിയില്ല -നഷ്ടം 3192/- രൂപ |
| 43 | 1-54 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല |
| 44 | 1-55 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| 45 | 1-56 | പൊതുമരാമത്ത് പ്രവൃത്തികൾ -ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല |
| 46 | 1-57 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചത് -തടസ്സപ്പെടുത്തുന്നു |
| 47 | 1-58 | ടാറിംഗ് പ്രവർത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതു സംബന്ധിച്ച് |
| 48 | 1-59 | ടെണ്ടർ ഡിഡക്ഷൻ തെറ്റായി കുറവ് ചെയ്ത് അധികം തുക നൽകി -നഷ്ടം1067/- രൂപ |
| 49 | 1-60 | കോട്ടത്തോട് നവീകരണം -ഒന്നാം ഘട്ടം -പൂർത്തീകരണ കാലാവധി അനർഹമായി നീട്ടി നല്കി -7533/- രൂപം അധികം നല്കി |
| | | |

| | | |
|---|---|---|
| 50 | 1-61 | മരാമത്ത് പ്രവർത്തികളുടെനിർവ്വഹണത്തിലെ അപാകതകൾ |
| 51 | 1-62 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മസ്റ്റർ റോൾ സൂക്ഷിപ്പിൽ അലംഭാവം |
| | ഭാഗം – 3 | |
| 52 | 3-1 | ടെണ്ടർ ഡിഡക്ഷൻ തെറ്റായി കുറവ് ചെയ്ത് അധികം തുക നൽകി -നഷ്ടം1067/- രൂപ |
| 53 | 3-2 | കെൽട്രോണിന് അധിക തുക നല്കി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ – തുക നിരാകരിക്കുന്നു |
| | ഭാഗം – 4 | |
| 54 | 4-1മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 55 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 56 | അനുബന്ധം.2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15.02.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 305797123 | 256320662 |
| വാർഷിക കണക്ക് പ്രകാരം (മുന്നിരിപ്പ് ഉൾപ്പടെ) | 224746231 | 156922108 |

ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

**1-2 വാർഷിക ധനകാര്യപത്രിക**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 01.08.2019 |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം**

KSA-ALP/GA5-902/19/6.9.2019 നമ്പർ റിപ്പോർട്ട് പ്രകാരം സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

**1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 52618113 |
| വരവ് | 172128118 |
| ആകെ | 224746231 |
| ചെലവ് | 156922108 |
| നീക്കിയിരിപ്പ് | 67824123 |

**1-5 (1)ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)**

| ഫണ്ടിനം. | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 25245120 | 25245120 | 24956717 | 288403 |

| | | | | |
|---|---|---|---|---|
| എസ്.സി. പി | 16016000 | 16016000 | 12130717 | 3885283 |
| സി.എഫ്. സി | 35807933 | 35807933 | 12456859 | 23351074 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 11501000 | 11501000 | 9964219 | 1536781 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 6824000 | 6824000 | 5262375 | 1561625 |
| ബി.ഫണ്ട് | 116160 | 116160 | 116160 | - |

(2) വിവിധ ഫണ്ടുകളിലായി ചെലവഴിക്കാതെ 3,06,23,166/- രൂപ നഷ്ടമായി

നഗരസഭയ്ക്ക് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് 3,06,23,166/- രൂപയാണ്.

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് സർക്കാർ നിർദ്ദേശം നല്കിയിരുന്നുവെങ്കിലും പദ്ധതി പണം ചെലവഴിയ്ക്കുന്നതിൽ നഗരസഭ വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക നഗരസഭയ്ക്ക് നഷ്ടമായത്. ഫണ്ട് വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിയ്ക്കുന്നതിന് പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും കുറെക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതാണ്. വരും വർഷങ്ങളിൽ സർക്കാർ അനുവദിയ്ക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിയ്ക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ. (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 137285082 | 105 | 64322387 | 21 | 93 | 47.9 |

1-7 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 3586026 | 5000000<br>127898(പലിശ) | 8713924 | ഭരണചെലവുകൾ | 509075 | 3215218 |
| | | | തൊഴിലാളികളുടെ വേതനം. | 4989631 | |

1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 116160 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 2724900 | 715 |
| വിധവാ പെൻഷൻ | 9273300 | 2235 |
| വാർദ്ധക്യകാല പെൻഷൻ | 21408100 | 4951 |
| വികലാംഗ പെൻഷൻ | 2697000 | 638 |
| | | |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 691500 | 170 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 225000 | 3 |
| ആകെ | **37135960** | **8762** |

**1-9 <u>ക്യാഷ് പരിശോധന</u>**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2020 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 2.50 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,473/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-10 <u>ആഭ്യന്തര നിയന്ത്രണം</u>**

1. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ഒരേ ജീവനക്കാരനിൽ കേന്ദ്രീകരിക്കാത്ത രീതിയിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ഓരോ സെക്ഷനും ലഭിക്കുന്ന അപേക്ഷകൾ സേവനാവകാശ നിയമപ്രകാരമുള്ള കാലയളവിനുള്ളിൽ തീർപ്പാക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തക്ക വിധം പെഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകളുടെ തീർപ്പ് സംബന്ധിച്ച് വിവരങ്ങൾ അറിയുന്നതിന് സംവിധാനങ്ങൾ ഇല്ല. ജീവനക്കാരുടെ പെഴ്സണൽ രജിസ്റ്റർ മേൽ ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ക്ഷേമ പെൻഷനുകൾക്കായി ലഭിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയുന്ന വിധത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കാത്തത് പുരോഗതി വിലയിരുത്തലിന് തടസ്സമാണ്.
2. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 287 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

3. നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ പുറമ്പോക്ക് സംബന്ധിച്ച ഭാഗങ്ങൾ അപൂർണ്ണമാണ്. മുൻവർഷങ്ങളിൽ ആർജിച്ച വസ്തുക്കളുടെ ഉടമസ്ഥാവകാശരേഖകൾ അപൂർണ്ണമാണ്. ആസ്തികളുടെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ പൂർണ്ണഫലം കണ്ടില്ല.

4. വാങ്ങലുകൾ നടത്തുന്നതിൽ പലപ്പോഴും പ്രൊക്യൂവർമെന്റ് മാന്വലിൽ/സ്റ്റോർ പർച്ചെസ് മാന്വലിൽ നിന്ന് വ്യതിചലിക്കുന്നതായി കാണുന്നു. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

5. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

6. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല.

7. സർക്കാർ ഗ്രാന്റുകൾ ശരിയായ സമയക്രമത്തിൽ വിനിയോഗിക്കാത്തതുമൂലം ലക്ഷങ്ങൾ നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി.(ഖ.1.5(2) കാണുക)

8. നഗരസഭയുടെ വരവിനങ്ങൾ ആർജ്ജിക്കുന്നതിൽ ജീവനക്കാരും ധനകാര്യസ്ഥിരം സമിതിയും ശ്രദ്ധ്ക്കാന്തി കാണിക്കുന്നില്ല. എല്ലാ വരവിനങ്ങളിലും ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.
9. വൗച്ചറുകൾ അവയുടെ ക്രമനമ്പർ അനുസരിച്ച് കൃത്യമായി സൂക്ഷിക്കുന്നില്ല.

10. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന വിഷയങ്ങൾ ഒന്നും തന്നെ പരിഹരിക്കാൻ നഗരസഭ ശ്രമിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.

ഇതിൽ നിന്നും നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഒട്ടും തൃപ്തികരമല്ലായെന്നും ഇനിയും മെച്ചപ്പെടുവാനുണ്ടെന്നും വിലയിരുത്താവുന്നതാണ്.

**1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ---- | 2012-2013 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.12.2019 – 28.12.2019 | 2017-18 | ലഭിച്ചില്ല |

1-12 വാർഷിക കണക്കിലെ അപാകതകൾ

അക്കൗണ്ട് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-13 മാനുവൽ /സാംഖ്യ രസീതുകളുടെ പരിപാലനത്തിൽ അലംഭാവം

(എ)മാന്വൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബിൽ കളക്റ്റർ ശ്രീമതി.ലാലി.വി 06-05-2019 ൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്ന ബുക്ക് നം.89(കൗണ്ടർ ഫോയിൽ 8801-8900) എന്ന രസീതു ബുക്ക് മുഖേന പിരിച്ച തുകകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത രസീത് ബുക്ക് ഓഡിറ്റ് എൻക്വയറി നം. 35/18.03.2020 മുഖാന്തിരം ആവശ്യപ്പെട്ടിട്ടും പരിശോധനക്ക് ഹാജരാക്കിയില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ബി)സാംഖ്യ സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന പണം സ്വീകരിക്കുമ്പോൾ പണം നൽകുന്നയാൾക്ക് നൽകുന്ന കമ്പ്യൂട്ടർ പ്രിന്റഡ് രസീത് തയ്യാറാക്കുന്നതിനുള്ള സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി സ്ഥാപനം ലഭ്യമാക്കി. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഭിന്നമായി ഈ പ്രീ- നമ്പേർഡ് സ്റ്റേഷനറി (സ്റ്റേഷനറി നമ്പർ) മറ്റ് സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിലാണ് തയ്യാറാക്കിയിരിരുന്നത്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളിൽ ഇവ മാനുവൽ രീതിയിൽ രസീത് നൽകുന്നതിനുള്ള രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിലാണ് എഴുതി സൂക്ഷിക്കുന്നത്. രജിസ്റ്ററിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ പ്രകാരം 4-11-2018 ൽ ചേർത്തിട്ടുള്ള 5000 എണ്ണം പ്രീ നമ്പേർഡ് സാംഖ്യ സ്റ്റേഷനറിയുടെ വിതരണ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അതായത് ഈ സാംഖ്യ സ്റ്റേഷനറി ആർക്ക് എന്ന് നൽകിയെന്നുള്ള വിവരങ്ങളില്ല. ഈ തീയതിക്ക് മുൻപുള്ള സാംഖ്യ സ്റ്റേഷനറി സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയില്ല.

2. സാംഖ്യ സ്റ്റേഷനറി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നു സ്വീകരിക്കുമ്പോൾ ഇതിന്റെ എണ്ണം മാത്രമാണ് സ്റ്റോക്കിൽ രേഖപ്പെടുത്തുന്നത്. ഈ രസീത് സ്റ്റേഷനറിയുടെ നമ്പറുകൾ, അവ സ്വീകരിക്കുമ്പോഴോ വിതരണം ചെയ്യുമ്പോഴോ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലഭ്യമാക്കിയ വിതരണവിരങ്ങൾ പോലും പൂർണ്ണമല്ല.

3. 7-12-19 ൽ ഗ്രാമലക്ഷ്മിയിൽ നിന്ന് ലഭ്യമായ 25000 എണ്ണം സാംഖ്യ സ്റ്റേഷനറിയിൽ 06-05-2020 ലെ കണക്കുകൾ പ്രകാരം 20856 എണ്ണം ബാക്കി നിൽക്കുന്നതായി കാണുന്നു. ഒരോ ബൻഡിൽ (1000) വീതം ഫ്രണ്ട് ഓഫീസിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ച് പോരുന്നത്. സ്റ്റേഷനറി ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ഉറപ്പാക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

4.സാംഖ്യ സ്റ്റേഷനറിയുടെ ബാലൻസിന്റെ ഭൌതിക പരിശോധന നടത്തി. ഇവ എണ്ണത്തിൽ കൃത്യമായി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ലഭ്യമായതും വിതരണം ചെയ്തതുമായ സ്റ്റേഷനറിയുടെ വിവരങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ ഇവയുടെ കൃത്യതയും ഉറപ്പിക്കാനാവില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

(സി)റദ്ദ് ചെയ്യുന്ന സാംഖ്യ സ്റ്റേഷനറിയിൽ സ്റ്റേഷനറി നമ്പർ രേഖപ്പെടുത്തുന്നില്ല.

റദ്ദ് ചെയ്യുന്ന രസീതുകൾ (സ്റ്റേഷനറി) രസീതുകളുടെ കൌണ്ടർ ഫോയിലിനൊപ്പമാണ് സൂക്ഷിക്കുന്നത്. എന്നാൽ പ്രിന്റർ ഫാൾട്ട്, രസീതിൽ ചേർത്ത വിവരങ്ങൾ തെറ്റുക തുടങ്ങിയ കാരണങ്ങളാൽ റദ്ദ് ചെയ്യുന്ന രസീതുകളുടെ (സ്റ്റേഷനറി) ക്യാൻസലേഷൻ റിപ്പോർട്ടുകളിൽ സ്റ്റേഷനറിയുടെ നമ്പർ പലപ്പോഴും രേഖപ്പെടുത്തി കാണുന്നില്ല. ഇത് സ്റ്റേഷനറി ദുരുപയോഗം നടക്കുന്നുണ്ടോയെന്ന പരിശോധന നടത്തുന്നതിന് തടസ്സമുണ്ടാക്കാവുന്ന കാരണമാകാം. സംഖ്യ സ്റ്റേഷനറി വിവിധ കാരണങ്ങളാൽ റദ്ദ് ചെയ്യുമ്പോൾ സോഫ്റ്റ്‌വെയറിൽ സ്റ്റേഷനറിയുടെ നമ്പർ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.

(ഡി)സൂചിക മുഖേന അപേക്ഷ സ്വീകരിക്കുമ്പോൾ നിശ്ചിത മാതൃകയിലുള്ള രസീത് നൽകുന്നില്ല.

22-04-2015 ലെ തദ്ദേശ സ്വയം ഭരണവകുപ്പിന്റെ സർക്കുലർ നമ്പർ 48544/എബി 1/2013/തസ്വഭവ ൽ ഫ്രണ്ട് ഓഫീസിൽ പണം കൈപ്പറ്റുന്നതിനും ഫ്രണ്ട് ഓഫീസിൽ അപേക്ഷ കൈപ്പറ്റുന്നതിനും വ്യത്യസ്ത രസീതുകൾ നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം രണ്ട് വ്യത്യസ്ത നിറത്തിലുള്ള സ്റ്റേഷനറികൾ, ഒന്ന് സാംഖ്യ മുഖേന പണം സ്വീകരിക്കുമ്പോൾ നൽകുന്നതിനും മറ്റൊന്ന് സൂചിക മുഖേന അപേക്ഷകൾ കൈപ്പറ്റുമ്പോൾ നൽകുന്നതിനുമായി ഗ്രാമലക്ഷ്മി മുദ്രാലയം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മാവേലിക്കര നഗരസഭയിൽ അപേക്ഷ കൈപ്പറ്റിന് ഇപ്പോൾ മാനുവൽ രതീയിലുള്ള കൈപ്പറ്റ് രസീതാണ് നൽകുന്നത്. സൂചിക സോഫ്റ്റ്‌വെയറിനായി ഗ്രാമലക്ഷ്മി തയ്യാറാക്കിയിട്ടുള്ള സ്റ്റേഷനറി ഉപയോഗിക്കുന്നില്ല. ഇത്തരം സ്റ്റേഷനറി സ്ഥാപനം വാങ്ങിയതായി സ്റ്റോക്കിൽ രേഖപ്പെടുത്തലുമില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-14 വസ്തുനികുതി-തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തിയത് മൂലമുള്ള നഷ്ടം

വാണിജ്യാവശ്യകെട്ടിടങ്ങളെ കൈതൊഴിൽ/ലൈവ് സ്റ്റോക്ക്/തടിമിൽ തുടങ്ങിയവയുടെ നികുതി നിരക്ക് ചുമത്തിയത് മൂലം നഗരസഭക്ക് നഷ്ടമുണ്ടായി. വസ്തു നികുതി നിർണ്ണയം സംബന്ധിയ്ക്കുന്ന ഫയലുകളിൽ രേഖപ്പെടുത്തിയ ഉപയോഗക്രമപ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾ വാണിജ്യ ആവശ്യകെട്ടിടങ്ങളോ വ്യവസായ ആവശ്യ കെട്ടിടങ്ങളോ ആണെന്നിരിക്കെ അവയുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് കൈതൊഴിൽ/ലൈവ് സ്റ്റോക്ക് ഷെഡ്ഡുകളുടെ അടിസ്ഥാന വസ്തുനികുതി നിരക്കിലാണ് ചുമത്തിയിരിക്കുന്നത്. കൈത്തറി ഷെഡ്, കയറു പിരി ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ് എന്നിവയുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 30/- രൂപയും വാണിജ്യാവശ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 100 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് 70/- രൂപയും 100 ച.മീ റ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് 90/- രൂപയുമാണ്. കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഫയൽ പ്രകാരം ഉപയോഗം | റിമാർക്സ് |
|---|---|---|---|
| 1 | 22/241(4) | കാർപെന്ററി വർക്സ്/43.89 ച.മീ | കോൺക്രീറ്റ് മേൽക്കൂര |
| 2 | 22/163(1) | ഹോളോബ്രിക്സ് യൂണിറ്റ്/46.46 ച.മീ | കുറഞ്ഞ മേൽക്കൂര |
| 3 | 2/148 (2) (3) | ഫർണ്ണിച്ചർ സ്റ്റോർ/22.21 ച.മീ | കോൺക്രീറ്റ് മേൽക്കൂര |
| 4 | 15/97(3) | സ്റ്റോറേജ് ഷെഡ്/19.77 ച.മീ | മേൽക്കൂര കോൺക്രീറ്റ് നിർമ്മിതം |

കുറഞ്ഞ വസ്തു നികുതി ചുമത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.26/17.03.20) നൽകിയിരുന്നുവെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമം മാറ്റി നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# 1-15 വസ്തുനികുതി- ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

മാവേലിക്കര നഗരസഭയുടെ പരിധിയിലുള്ള കെട്ടിടങ്ങളിൽ ചിലതിന്റെ ഉപയോഗക്രമത്തിലുള്ള മാറ്റം യഥാസമയം വസ്തുനികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്താത്തതും മാറ്റം വന്ന ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിച്ചീടാക്കാത്തതും നികുതി ചോർച്ചക്ക് ഇടയാക്കുന്നു. ഉപയോഗക്രമത്തിലെ മാറ്റം കെട്ടിട ഉടമ നഗരസഭയെ യഥാസമയം അറിയിക്കണമെന്ന 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 17 (1) പാലിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലനില്ക്കുന്നുണ്ട്. വ്യത്യസ്ത ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളിൽ നിലവിൽ വാണിജ്യബാങ്കിന്റെ ബ്രാഞ്ചുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനം നടക്കുന്ന കെട്ടിടഭാഗം, അതിന്റെ ഉപയോഗക്രമം, ഉപയോഗക്രമം മാറിയ തീയതി തുടങ്ങിയ വിവരങ്ങൾ നഗരസഭയുടെ പക്കലില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | നിലവിലെ ഉപയോഗം (സഞ്ചയ പ്രകാരം) |
|---|---|---|---|
| 1 | സിൻഡിക്കേറ്റ് ബാങ്ക്, മാവേലിക്കര | 10/479 | ബി.എസ്.എൻ.എൽ |
| | | | |

| | | | |
|---|---|---|---|
| 2 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, മറ്റം | കെട്ടിട നമ്പർ ലഭ്യമല്ല | സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂൾ ബിൽഡിംഗ് |

മേൽ വാണിജ്യബാങ്കുകളുടെ ഔദ്യോഗിക വെബ്സൈറ്റ് മേൽവിലാസ പ്രകാരമാണ് മേൽ വിവരങ്ങൾ തയ്യാറാക്കിയത്. സഞ്ചയ ഡേറ്റാബേസിലെ വിവരങ്ങൾ പ്രകാരം 10/479 എന്ന നമ്പരിലുള്ളകെട്ടിടം ബി.എസ്.എൻ.എൽ-ന്റെ ഓഫീസ് കെട്ടിടമാണ്. ടി കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗക്രമം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/12.03.20) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ഫീൽഡ് തലത്തിൽ പരിശോധന നടത്തി, ഉപയോഗ ക്രമം മാറിയത് പ്രകാരം നികുതി ചുമത്തിയിട്ടില്ലാത്ത പക്ഷം നികുതി പുന:നിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതുമാണ്.

## 1-16 കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിടനമ്പർ നൽകി -ആകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് നഗരസഭ തീരുമാനിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 17/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 90/- രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ കെട്ടിട ഉടമയുടെ ആവശ്യപ്രകാരം വിവിധ നമ്പരുകൾ നൽകി നികുതി നിർണ്ണയിച്ചപ്പോൾ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം.ഉടമയുടെ പേര് | ആകെ വിസ്തൃതി (ച.മീ) |
|---|---|---|
| 1 | 18/343 (1) to (5),<br>ശശിധരൻ, കൊല്ലശ്ശേരിൽ | 112.34 |
| 2 | 21/221(1) to (6) എസ്.കൃഷ്ണകുമാർ , തുളസിമന്ദിരം | 155.1 |
| 3 | 7/378 (1) to (6), അന്നമ്മ തോമസ്<br>കങ്കാലിൽ | 201.82 |
| 4 | 1/134 (1) to (6)<br>അലക്സ്.സി ജോൺ, ചെങ്കിലാത്ത് വീട് | 248.44 |
| 5 | 371(1) to (6)<br>അന്നമ്മ തോമസ്, കങ്കാലിൽ, തഴക്കര | 201.78 |
| 6 | 11/221(1) to (6)<br>കൃഷ്ണകുമാർ, തുളസിമന്ദിരം,കൊറ്റാർകാവ് | 155.1 |
| 7 | 15/374(2) to( 5)<br>ഷാജി.ജി, വിദ്യ.എസ്<br>പാലപ്പള്ളിൽ | 137.79 |
| 8 | 18/343(1) to (5)<br>ശശിധരൻ പിള്ള, കൊല്ലശ്ശേരിൽ | 112.34 |

ഇപ്രകാരം 90 രൂപ നികുതി നിരക്ക് നിശ്ചിക്കേണ്ട കെട്ടിടങ്ങളെ 70 രൂപ നിരക്കിൽ നികുതിനിർണ്ണയിച്ചത് വസ്തുനികുതിയിൽ വലിയ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. സഞ്ചയ ഡേറ്റാബേസ് വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ വസ്തുനികുതി നഷ്ടത്തിന്റെ വ്യാപ്തി വളരെ വലുതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് അന്വേഷണം നം 30/17.03.2020 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല . നികുതി പുനഃനിർണ്ണയിച്ച് ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 സഞ്ചയ സോഫ്റ്റ്‌വെയറിൽ തറ വിസ്തൃതിയ്ക്കനുസൃതമായിട്ടുള്ള നിരക്ക് തെറ്റായി രേഖപ്പെടുത്തിയതുമൂലമുള്ള വസ്തുനികുതി നഷ്ടം

100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യകെട്ടിടത്തിന്റെ അടിസ്ഥാനവസ്തുനികുതി നിരക്ക് 90 രൂപയാണ്. എന്നാൽ താഴെ പറയുന്ന 100 ച.മീറ്ററിലധികം വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടത്തെ സഞ്ചയ സോഫ്റ്റ്‌വെയറിൽ 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യകെട്ടിടമായി രേഖപ്പെടുത്തുക വഴി നഗരസഭക്ക് താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ, ഉടമയുടെ പേര് വിലാസം | തറവിസ്തൃതി | ചുമത്തിയനികുതി @70/ച.മീ | ചുമത്തേണ്ടനികുതി @90/ച.മീ | കുറവ് |
|---|---|---|---|---|
| 2/266/1<br>രാജമ്മ, ഇന്ദിര,രവിശങ്കർ, ഗോപിനാഥ്<br>കെ.വി മഠം | 153 ച.മീ | അടിസ്ഥാന വസ്തുനികുതി-10710<br>കേന്ദ്രീകൃത എയർകണ്ടീഷൻ-10%-1071<br>ആകെ-11781<br>സർവ്വീസ്ചാർജ്-1179<br>ലൈ.സെസ്-590 | അടിസ്ഥാന വസ്തുനികുതി-13770<br>കേന്ദ്രീകൃത എയർകണ്ടീഷൻ-10%-1377<br>ആകെ-15147<br>സർവ്വീസ്ചാർജ്-1515<br>ലൈ.സെസ്-758 | വസ്തുനികുതി-3366<br>സർവ്വീസ്ചാർജ്-336<br>ലൈ.സെസ്-168 |

മേൽ നഷ്ടം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/17.03.20) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുന:നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 വസ്തുനികുതി-സ്വകാര്യ ഹോസ്റ്റൽ കെട്ടിടത്തെ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചു

(a) 23/26(1) എന്ന കെട്ടിട നമ്പരിൽ ജനാർദ്ദനൻ, അയ്യപ്പാസ്, മാവേലിക്കര എന്നയാളുടെ പേരിൽ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ള 554.23 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിന്റെ അസസ് മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം 15 മുറികൾ 11 ടോയിലറ്റ് 1 കിച്ചൺ എന്നിവ ഉൾപ്പെടുന്നതാണ്. ടി കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമ്മിറ്റ് പ്രകാരമുള്ള ഒക്യുപൻസി, റവന്യു ഡിപ്പാർട്ട്മെന്റിൽ ഒടുക്കുന്ന കെട്ടിട നികുതി നിർണ്ണയപ്രകാരമുള്ള ഒക്യുപൻസി എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം . 24/17.03.20) പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാണിജ്യവശ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഹോസ്റ്റൽ കെട്ടിടമാണെങ്കിൽ ടി കെട്ടിടത്തെ ലോഡ്ജിംഗ് ഹൗസുകൾക്കുള്ള വസ്തുനികുതി നിരക്കിൽ നികുതി ചുമത്തേണ്ടതാണ്.

1-18 (ബി)<u>പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ ഗോഡൌൺ പ്രവർത്തനത്തിന് ലൈസൻസ്-മുനിസിപ്പൽ ഫണ്ടിന് നഷ്ടം</u>

നഗരസഭ സൌപർണ്ണിക സൂപ്പർ മാർക്കറ്റ്, പുതിയകാവ് എന്ന സ്ഥാപനത്തിന്റെ ഗോഡൌൺ പ്രവർത്തിക്കുന്നതിനായി 10-203 എന്ന നമ്പരിലുള്ള കെട്ടിടത്തിന് ലൈസൻസ് അനുവദിച്ചിരുന്നു. ടി കെട്ടിടം സഞ്ചയ ഡേറ്റാബേസിലെ വിവരങ്ങൾ പ്രകാരം ശ്രീ.സുധാകരൻ പിള്ള, ചക്രത്തറ പരമേശ്വരാലയം എന്ന വ്യക്തിയുടെ പേരിൽ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടമാണ്. സഞ്ചയ വിവരങ്ങൾ പ്രകാരം, രണ്ടു നിലകളിലായി 162.48 ച.മീറ്റർ വിസ്തൃതിയുള്ള ടി കെട്ടിടത്തിന്റെ വസ്തുനികുതി 3150/- രൂപയാണ്. വാർഷിക വാടകമൂല്യം അടിസ്ഥാനത്തിലുണ്ടായിരുന്ന മുൻനികുതിയിലേക്ക് (3150 രൂപ) പരിമിതപ്പെടുത്തിയ രീതിയിലാണ് വസ്തുനികുതി പരിഷ്കരിച്ചത്. സഞ്ചയ ഡേറ്റാബേസിലെ വിവരങ്ങൾ പ്രകാരം ടി കെട്ടിടത്തിൽ രണ്ട് ഷോപ്പുകൾ, ഒരു ഹാൾ, രണ്ട് ടോയ് ലറ്റുകൾ എന്നിവ ഉൾപ്പെടുന്നു. കെട്ടിടത്തിന് സ്വകാര്യ സൂപ്പർ മാർക്കറ്റിന്റെ ഗോഡൌൺ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകിയതിനാൽ, ടി കെട്ടിടം പാർപ്പിടാവശ്യകെട്ടിടമല്ലായെന്ന് വ്യക്തമാണ്. നികുതി പരിഷ്കരിച്ചത് 2016 ആദ്യ പാദം മുതലാണ്. ഉപയോഗക്രമം മാറ്റാത്ത പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ വാണിജ്യാവശ്യത്തിനായുള്ള ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. സ്ഥലപരിശോധന കൂടാതെ ലൈസൻസ് നൽകിയത് നഗരസഭക്ക് വസ്തുനികുതി നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. വാണിജ്യഉപയോഗത്തിനുള്ള കെട്ടിടത്തിന്റെ നികുതി തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുമ്പോൾ നികുതി വർദ്ധനവ് ഉണ്ടായാൽ 100 ശതമാനമാത്തിൽ പരിമിതപ്പെടുത്തിയാണ് നികുതി പുനനിർണ്ണയിക്കുന്നത്. ഇത് പ്രകാരം കണക്കാക്കുമ്പോഴും വാർഷിക വാടകമൂല്യം കണക്കാക്കി മുൻപ് നിർണ്ണയിച്ച 3150/- രൂപയുടെ ഇരട്ടി വസ്തുനികുതി ടി കെട്ടിടത്തിന് ചുമത്തേണ്ടിയിരുന്നു. (162.48 X 90 =14623.2) അതായത് വസ്തുനികുതി 6300/- രൂപയും സേവന ഉപനികുതി 630/- രൂപയും ലൈബ്രറി സെസ്-316 രൂപയുമായി നിർണ്ണയിക്കേണ്ട സ്ഥാനത്ത് വസ്തുനികുതി 3150/- രൂപയും സേവന ഉപനികുതി 315/- രൂപയും ലൈബ്രറി സെസ്-158

രൂപയുമായി നിർണ്ണയിച്ച് വസ്തുനികുതിയും സേവനഉപനികുതിയും ലൈബ്രറി സെസും നിർണ്ണയിച്ച് ഈടാക്കിപ്പോരുന്നത് നഗരസഭക്ക് ലഭിക്കേണ്ട വസ്തുനികുതിയിൽ 3150/- രൂപയുടെയും ലൈബ്രറി സെസ്സിൽ 158/- രൂപയുടെയും സേവന ഉപനികുതിയിൽ 315/- രൂപയുടെയും കുറവുണ്ടാക്കിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിലുണ്ടായ അപാകത്തിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം- 55/തീയതി.-19-03-2020) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-19 മൊബൈൽ ടവറുകളുടെ വസ്തുനികുതി-സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടവറുകളെയും ഡേറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി നഗരസഭയുടെ പക്കലില്ല. സഞ്ചയ റവന്യൂ-മൊഡ്യൂൾ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം 16 മൊബൈൽ ടവറുകൾ മാത്രമാണ് മുനിസിപ്പാലിറ്റി പരിധിയിലുള്ളത്. ടി വിവരം അപൂർണ്ണമാണ് എന്നത് തർക്കരഹിതമായ കാര്യമാണ്. പ്രധാന റോഡുകൾ കടന്ന് പോകുന്ന നഗരസഭ പ്രദേശത്ത് നിരവധി ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ പലതും അനധികൃതമാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് നഗരസഭ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല . കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവയും പൂർണ്ണമല്ല. സർക്കാർ നിർദ്ദേശപ്രകാരം സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20 ലോഡ്ജുകളായി നികുതി നിർണ്ണയിച്ച കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി,ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല

2018-19 വർഷം ലോഡ്ജിംഗ് ആവശ്യത്തിനായി നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിട ഉടമകൾ നഗരസഭ പരിധിക്കുള്ളിലുണ്ട്. എന്നാൽ ഈ കെട്ടിട ഉടമകൾ നഗരസഭയുടെ ലൈസൻസോട് കൂടിയാണോ ടി ലോഡ്ജുകൾ പ്രവർത്തിപ്പിക്കുന്നത് എന്നും ലോഡ്ജുകളിൽ നിന്നുള്ള വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 54/19.03.2020) മറുപടി ലഭ്യമാക്കിയില്ല. ലോഡ്ജിനായി നികുതി നിർണ്ണയം നടത്തിയ കെട്ടിട ഉടമകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്/വിലാസം | കെട്ടിട നം. |
|---|---|
| ഡോ.ജോർജ് ജോൺ, കണ്ണങ്കര വടക്കതിൽ | 27/76(1) |
| കെ.എ.ഫിലിപ്പ്, വടക്കേവീട്ടിൽ | 23/380(1)(2) 23/390(1)(2) |
| മോഹനൻ, കരുണാനിലയം (211.15 $m^2$) | 13/318 |

ഈ വിഷയത്തിൽ നികുതിച്ചോർച്ച ഉണ്ടാകുന്നുണ്ടോയെന്നും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ലോഡ്ജ് എന്ന ഉപയോഗ ക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ച കെട്ടിട ഉടമകളുടെ വസ്തു നികുതി ലൈസൻസ് സംബന്ധിക്കുന്ന വിവരങ്ങൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

# 1-21 വസ്തുനികുതി- 5മീറ്ററിലധികമുള്ള പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 20 ശതമാനം വർദ്ധിപ്പിച്ചില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നുണ്ട്. ടി ചട്ടത്തിലെ പട്ടിക -2 കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാനവസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്ക് യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴി സൗകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ സഞ്ചയ ഡേറ്റാബേസിൽ രേഖപ്പെടുത്തിയിട്ടുള്ള റോഡിന്റെ പേരിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൗകര്യം രേഖപ്പെടുത്തുക വഴി നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. അതായത് സംസ്ഥാന പാതകളുടെ പേര് രേഖപ്പെടുത്തിയ ശേഷം റോഡ് സൗകര്യത്തിന് വർദ്ധനവ് ഏർപ്പെടുത്തിയില്ല. ക്രമനം. 7ൽ 10% നികുതി ഇളവ് നല്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. /ഉടമയുടെ പേരും മേൽവിലാസവും | റോഡിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 4/372/1 കെ.മണി, മണിവീണ, മണക്കാട് (1650.85 ച.മീ/ ഓഫീസ് ആവശ്യം*) | മാവേലിക്കര-കണ്ടിയൂർ റോഡ് | 20% വർദ്ധനവ് ഏർപ്പെടുത്തിയില്ല |
| 2 | 17/324(1) (2) ജോൺ വർഗ്ഗീസ്, പുന്നമ്മൂട്ടിൽ പുത്തൻവീട് | മാവേലിക്കര-പുന്നമ്മൂട് റോഡ് | 20% വർദ്ധനവ് ഏർപ്പെടുത്തിയില്ല |
| 3 | 14/87 സുരേന്ദ്രൻ നായർ, കോട്ടവാതുക്കൽ | ബുദ്ധ ജം.റോഡ് | 20% വർദ്ധനവ് ഏർപ്പെടുത്തിയില്ല |
| 4 | 12/302(1) തിരുമലൈ കുമാർ ഹരിഭവനം | കല്ലുമല-മറുതാക്ഷി ക്ഷേത്രം | 20% വർദ്ധനവ് ഏർപ്പെടുത്തിയില്ല |
| 5 | 7/65(1) സാജൻ മാത്യു, വലിയവിള വീട്,തഴക്കര | മാവേലിക്കര-തഴക്കര | 20% വർദ്ധനവ് ഏർപ്പെടുത്തിയില്ല |
| 6 | 3/121/അരുൺ, പാർത്ഥാസ് | മാവേലിക്കര-കണ്ടിയൂർ റോഡ് | 20% വർദ്ധനവ് ഏർപ്പെടുത്തിയില്ല |
| 7 | 15/235 – – | മാവേലിക്കര - കൃഷ്ണപുരം | 10% ഇളവ് അനുവദിച്ചു |

ഇപ്രകാരം ഇളവ് അനുവദിക്കുക വഴി അടിസ്ഥാന വസ്തുനികുതിയുടെ 20 ശതമാനം വർദ്ധനവിൽ നിന്നും നികുതി ദായകർ ഒഴിവാക്കപ്പെടുന്ന സാഹചര്യവും വസ്തുനികുതി നഷ്ടവും ഉണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.25/17.03.20) മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# 1-22 വിദ്യാഭ്യാസ ആവശ്യമെന്ന രീതിയിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് ഹോസ്റ്റൽ നടത്തിപ്പിനായി ലൈസൻസ് അനുവദിച്ചു

9/327, മദർ പ്രൊവിൻഷ്യൻ, SIC ബഥനി പ്രൊവിൻഷ്യൽ ഹൌസ് എന്ന പേരിൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടത്തിൽ (1104 $m^2$)മാർ ഇവാനിയോസ് ബഥനി ഹോസ്റ്റൽ നടത്തുന്നതിനായി ലൈസൻസ് നൽകിയതായി കാണുന്നു. സഞ്ചയ ഡേറ്റ ബേസ് പ്രകാരം ഈ കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിന് എന്ന ഉപയോഗക്രമത്തിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നടത്തിപ്പിന് എന്ന പേരിൽ ലൈസൻസ് നേടിയ ടി സ്ഥാപനം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അനുബന്ധ ഹോസ്റ്റൽ അല്ല. ആയതിനാൽ വിദ്യാഭ്യാസ ആവശ്യം എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയം നടത്തിയത് നഗരസഭയുടെ വസ്തുനികുതി ഡിമാൻഡ്

കുറയുന്നതിനിടയാക്കി. നഗരസഭയുടെ വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.55/19.03.20) മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-23 ഒന്നാം നിലയുള്ള കെട്ടിടങ്ങൾക്കും മുഴുവൻ തറവിസ്തൃതിയ്ക്ക ബാധകമാക്കി കുറഞ്ഞ മേൽക്കൂരയുടെ ഇളവ് അനുവദിച്ചു-വസ്തുനികുതിയിൽ നഷ്ടം

നഗരസഭയിലെ താഴെ പറയുന്ന വാണിജ്യാവശ്യ ഗോഡൌണുകൾക്ക് സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം താഴത്തെ നിലക്കുപുറമെ ഒന്നാം നിലയും ഉണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് മുഴവൻ തറ വിസ്തൃതിയ്ക്കും ആനുപാതികമായി കുറഞ്ഞ മേൽക്കൂരക്ക് ബാധകമായ നികുതിയിളവ് നൽകിയിട്ടുണ്ട്. ഒന്നാം നിലയുള്ള ഭാഗത്ത് കുറഞ്ഞതരം മേൽക്കൂര ഉണ്ടാകുവാനിടയില്ല. ആ ഭാഗം കോൺക്രീറ്റ് മേൽക്കൂരയാണെന്നിരിക്കെ അളവു നല്കുന്നത് നികുതി ചോർച്ചയുണ്ടാക്കി. ഇപ്രകാരം നികുതി നിർണ്ണയിച്ചത് ഈ കെട്ടിടങ്ങളുടെ ആകെ വസ്തുനികുതിയിൽ കുറവുണ്ടാകുന്നതിനിടയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (വാണിജ്യാവശ്യ കെട്ടിടങ്ങളുടെ ഒന്നാം നിലയ്ക്ക് ബാധകമായ നികുതിയിളവ് നല്കാതെയാണ് വസ്തു നികുതി നിർണ്ണയിച്ചത്. ബാധകമായ ഈ ഇളവ് ഉൾപ്പെടുത്തിയാണ് ചുമത്തേണ്ട വസ്തു നികുതി കണക്കാക്കിയത്)

| കെട്ടിട നമ്പർ | ചുമത്തിയ നികുതി @90/$m^2$ | ചുമത്തേണ്ടനികുതി @90/$m^2$ | റിമാർക്സ് | കുറവ് വന്ന വസ്തുനികുതി, സേവന ഉപനികുതി, ലൈ.സെസ്സ് |
|---|---|---|---|---|
| 6/154/1<br>താഴത്തെ നില-402.39<br>ഒന്നാം നില-28.3 | അടിസ്ഥാന വസ്തുനികുതി-38762.1<br>വർദ്ധനവ് -റോഡ്-20%-7752.42<br>ഇളവ് -മേൽക്കൂര-10%-3876.21<br>വസ്തുനികുതി-42639<br>സേവന ഉപനികുതി-4264<br>ലൈ.സെസ്സ്-2132 | അടിസ്ഥാന വസ്തുനികുതി-38762.1<br>വർദ്ധനവ് -റോഡ്-20%-7752.42<br>ഇളവ് -മേൽക്കൂര-10%-3621.51<br>ഒന്നാം നില-@5%-127.35<br>വസ്തുനികുതി-42766<br>സേവന ഉപനികുതി-4277<br>ലൈ.സെസ്സ്-2139 | ഒന്നാം നിലയുള്ള ഭാഗത്ത് കുറഞ്ഞമേൽക്കൂര അല്ലാത്തതിനാൽ 28.3 $m^2$ ന് ഇളവ് നൽകാനാവില്ല | വസ്തുനികുതി-127<br>സേവന ഉപനികുതി-13<br>ലൈ.സെസ്സ്-7 |
| 6/154/2<br>താഴത്തെ നില-600.93<br>ഒന്നാം നില-113.75 | അടിസ്ഥാന വസ്തുനികുതി-64321.2<br>വർദ്ധനവ് -റോഡ്-20%-12864.24<br>ഇളവ് -മേൽക്കൂര-10%-6432.12<br>വസ്തുനികുതി-70754<br>സേവന ഉപനികുതി-7076 | അടിസ്ഥാന വസ്തുനികുതി-64321.2<br>വർദ്ധനവ് -റോഡ്-20%-12864.24<br>ഇളവ് -മേൽക്കൂര-10%-5408.37<br>ഒന്നാം നില ഇളവ്-@5%-511.875<br>വസ്തുനികുതി-71266 | ഒന്നാം നിലയുള്ള ഭാഗത്ത് കുറഞ്ഞമേൽക്കൂര അല്ലാത്തതിനാൽ 113.75 $m^2$ ന് ഇളവ് നൽകാനാവില്ല | വസ്തുനികുതി-512<br>സേവന ഉപനികുതി-51<br>ലൈ.സെസ്സ്-26 |

| | | | | |
|---|---|---|---|---|
| | ലൈ.സെസ്സ്-3538 | സേവന ഉപനികുതി-7127<br>ലൈ.സെസ്സ്-3564 | | |

ഇത് സംബന്ധിച്ച് നഗരസഭയുടെ വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/17.03.20) മറുപടിലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങളുടെ വസ്തുനികുതിയും സേവന ഉപനികുതിയും പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# 1-24 തൊഴിൽ/സ്ഥാപന നികുതി പിരിവിൽ അപാകതകൾ

**<u>തൊഴിൽ നികുതി ഈടാക്കിയില്ല</u>**

നഗരസഭാ പരിധിയിൽ നിരവധി റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്). അതു പോലെ നഗരസഭയുടെ വർക്ക് ഏറ്റെടുത്തു നടത്തുന്ന 17 കരാറുകാർ, നഗരസഭാ പരിധിയിലെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന നിരവധി വക്കീലന്മാർ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നു കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 47 ന് മറുപടി ലഭ്യമാക്കിയില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതിയ്ക്കായി ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഈ ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്/കളക്ഷൻ/ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർ/സ്ഥാപനം അടയ്ക്കുന്ന തുക എഴുതി സൂക്ഷിക്കുന്ന ഒരു രജിസ്റ്റർ മാത്രമാണിത്. അതല്ലാതെ ഒരു സ്ഥാപനം, അതിലെ ജീവനക്കാർ അടയ്ക്കേണ്ട നികുതി എത്രയാണെന്നുള്ളതിനെ സംബന്ധിച്ച് ഈ രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല.

(1) താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ/സ്ഥാപന നികുതി ഈടാക്കിയതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

**<u>തൊഴിൽ നികുതി</u>**

| ക്രമ നം. | സ്ഥാപനത്തിന്റെ/ജീവനക്കാരന്റെ പേര് | നികുതി അടയ്ക്കുവാനുള്ള അർദ്ധവർഷം |
|---|---|---|
| 1. | സുന്ദരം ഫൈനാൻസിയേഴ്സ്, മാവേലിക്കര | 1 & 2 |
| 2. | ഐ ഓ ബി കല്ലുമല | 2 |
| 3. | സെക്രട്ടറി, എസ്സ്.സി/എസ്സ്ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 & 2 |
| 4. | ആർ വി. ബേക്കറി, മാവേലിക്കര | 1 & 2 |
| 5. | പ്രതിഭാ തീയേറ്റർ, മാവേലിക്കര | 1 & 2 |
| 6. | മാനേജർ. സപ്ലൈകോ | 1 & 2 |
| 7. | മാനേജർ. മുത്തൂറ്റ് മർക്കന്റൈൻസ് | 1 & 2 |
| 8. | ഹോട്ടൽ സിക്സർ, മാവേലിക്കര | 1 & 2 |
| 9. | ഹോട്ടൽ വന്ദനം, മാവേലിക്കര | 1 & 2 |
| 10. | എച്ച്.എം. എസ്സ് വി എൽ.പി.എസ്സ് | 2 |
| 11. | മെഡിവിഷൻ സ്കാൻ & ഡയഗ്നോസ്റ്റിക് സെന്റർ | 1 |
| 12. | സ്വപ്ന ജ്വല്ലറി, മാവേലിക്കര | 1 & 2 |
| 13. | കേരള ഹൗസിംഗ് ഫിനാൻസ് | 1 & 2 |
| 14. | സെക്രട്ടറി കോ-ഓപ്പറേറ്റീവ് കോളേജ്, മാവേലിക്കര | 1 & 2 |

| | | |
|---|---|---|
| 15. | പിസി ലാന്റ് കംപ്യൂട്ടേഴ്സ് | 1 & 2 |
| 16. | മാനേജർ, ബജാജ് അലൈൻസ് | 2 |
| 17. | മാനേജർ, ജിയോജിത് സെക്യൂരിറ്റീസ് | 1 & 2 |
| 18. | മാനേജർ, ത്രിവേണി സൂപ്പർ മാർക്കറ്റ് | 1 & 2 |
| 19. | ആക്സിസ് ബാങ്ക് | 1 & 2 |
| 20. | ഡിവിഷണൽ എഞ്ചിനീയർ, ടെലിഫോൺ എക്സ്ചേഞ്ച് | 2 |
| 21. | എസ്. കൃഷ്ണപിള്ള, വെൻഡർ, മാവേലിക്കര | 1 & 2 |
| 22. | സുരേന്ദ്രൻ, വെൻഡർ, മാവേലിക്കര | 1 & 2 |
| 23. | വിജയൻ പിള്ള , വെൻഡർ, മാവേലിക്കര | 1 & 2 |
| 24. | മുരളീധരൻ നായർ, വെൻഡർ, മാവേലിക്കര | 1 & 2 |
| 25. | രാജേഷ് കുമാർ, വെൻഡർ , മാവേലിക്കര | 1 & 2 |
| 26. | കെ. സുരേഷ് കുമാർ, വെൻഡർ , മാവേലിക്കര | 1 & 2 |
| 27. | അസി. ലേബർ ഓഫീസർ, മാവേലിക്കര | 2 |
| 28. | സെക്രട്ടറി, എയ്ഡഡ് സ്കൂൾ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , മാവേലിക്കര | 2 |
| 29. | അസി. ദേവസ്വം ഓഡിറ്റ് ഓഫീസർ, മാവേലിക്കര | 1 |
| 30. | സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഓഫീസ്, തട്ടാരമ്പലം | 1 & 2 |
| 31. | സെക്ഷൻ എഞ്ചിനീയർ, സതേൺ റെയിൽവേ | 1 & 2 |
| 32. | സ്റ്റേഷൻ മാസ്റ്റർ, സതേൺ റെയിൽവേ, മാവേലിക്കര | 1 & 2 |
| 33. | ഡിവിഷണൽ റെയിൽവേ മാനേജർ, സതേൺ റെയിൽവേ | 1 & 2 |
| 34. | സി ഡി എസ്, മാവേലിക്കര നഗരസഭ | 1 & 2 |
| 35. | എം.എൻആർഇജിഎസ്സ്, ബ്ലോക്ക് ഓഫീസ്, മാവേലിക്കര | 1 & 2 |
| 36. | സപ്ലൈകോ മെഡിക്കൽ സ്റ്റോർ, മാവേലിക്കര | 1 & 2 |
| 37. | താലൂക്ക് സർവ്വീസ് സഹ. ബാങ്ക്. തഴക്കര | 1 & 2 |
| 38. | താലൂക്ക് സർവ്വീസ് സഹകരണ ബാങ്ക്, മാവേലിക്കര | 1 & 2 |
| 39. | സബ് ജയിൽ, മാവേലിക്കര | 1 & 2 |
| 40. | ടാജ് മാർബിൾസ്, മാവേലിക്കര | 1 & 2 |

(2)താഴെപ്പറയുന്നവരിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല

| | | |
|---|---|---|
| 1. | കെഎസ്സ്എഫ്ഇ കണ്ടിയൂർ | 1 & 2 |
| 2. | കുന്നത്ത് ഫൈനാൻസിയേഴ്സ് | 1 & 2 |
| 3. | മാനേജർ യൂണിയൻ ബാങ്ക്, മാവേലിക്കര | 1 |
| 4. | സെക്രട്ടറി മിൽക്ക് സൊസൈറ്റി നം. എ91 | 1 & 2 |
| 5. | ആക്സിസ് ബാങ്ക്, മാവേലിക്കര | 1 & 2 |
| 6. | സെക്രട്ടറി, എയ്ഡഡ് സ്കൂൾ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 & 2 |
| 7. | എച്ച്ഡിഎഫ് സി, മാവേലിക്കര | 1 & 2 |
| 8. | ഐഡിബിഐ, മാവേലിക്കര | 1 & 2 |
| 9. | എസ്സ്ബിഐ റീജ്യണൽ ഓഫീസ്, മാവേലിക്കര | 1 & 2 |
| | | |

| | | |
|---|---|---|
| 10. | എസ്സ്എംഎൽ ഫിനാൻസ്, മാവേലിക്കര | 1 & 2 |
| 11. | മണപ്പുറം ഫിനാൻസ് തട്ടാരമ്പലം | 1 |
| 12. | ന്യൂ ഇൻഡ്യാ ഇൻഷ്വറൻസ്, മാവേലിക്കര | 2 |
| 13. | പിസിഎആർഡിബി- എ836 | 1 & 2 |
| 14. | യുഎഇ എക്സ്ചേഞ്ച്, മാവേലിക്കര | 2 |
| 15. | എഡിസിബി,മാവേലിക്കര | 2 |
| 16. | ബജാജ് അലൈൻസ്, മാവേലിക്കര | 1 & 2 |

(3)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ,(ബിൽഡിംഗ് സെക്ഷൻ) ജോലി ചെയ്യുന്ന താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | ആകെ ശമ്പളം | അടയ്ക്കേണ്ട നികുതി | അടച്ച നികുതി | കുറവ് |
|---|---|---|---|---|---|
| 1. | മുഹമ്മദ് ഷഫീഖ്.എ | 143790 | 1250/- | 1000/- | 250/- |
| 2. | ഷമീർ.എസ്സ് | 140350 | 1250/- | 1000/- | 250/- |
| | | | | ആകെ | 500/- |

രേഖാമൂലം വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം -47ന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പ്രതിപാദിച്ചിരിക്കുന്ന സ്ഥാപനങ്ങൾ/ജീവനക്കാരിൽ നിന്നും നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 വാടക കുടിശികയും മറ്റ് അപാകതകളും

<u>കടമുറികളുടെ വാടക കുടിശിക</u>

നഗരസഭയുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലടക്കം ഭീമമായ തുക വാടക കുടിശികയായി നിലനിൽക്കുന്നുണ്ട്. 2017-18 വരെ കുടിശികയായി വാടക രജിസ്റ്റർ പ്രകാരം ആകെ 5,22,345/- രൂപ ലഭിക്കുവാനുണ്ട്. കൂടാതെ 2018-19 ലും വലിയൊരു തുക പിരിച്ചെടുക്കുവാനുണ്ടെന്ന് കാണുന്നു. തൻവർഷത്തെ ആകെ ഡിമാന്റ് 24,92,584/- രൂപ ഇതിൽ കളക്റ്റ് ചെയ്തത് 22,24,048/- രൂപ മാത്രമാണ്. തൻവർഷത്തെ കുടിശിക 2,68,536/- രൂപ. ഇതു വരെയുള്ള ആകെ കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 7,90,881/- രൂപ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അതു പോലെ കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി കരാറിൽ ഏർപ്പെട്ടതായ രേഖകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കരാർ ചമയ്ക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 2018-19 ൽ നഗരസഭയുടെ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരിൽ താഴെപ്പറയുന്നവർ കുടിശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം.<br>കടയുടമയുടെ പേര് | നിശ്ചയിച്ച പ്രതിമാസ വാടക (ജിഎസ്സ്ടി ഒഴികെ) | 2018-19 ൽ ആകെ അടവാക്കാനുള്ള വാടക | അടവാക്കിയ തുക | അടവാക്കുവാൻ ബാക്കി |
|---|---|---|---|---|---|
| | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | സുജിത്.എസ്സ് കുഴിയിൽ വടക്കേതിൽ മാവേലിക്കര (റൂം നം. 3) | 1274/- | 15288/- | ഇല്ല | 15288/- |
| 2 | വി. മുരളീധരൻ, ആനക്കുട്ടിൽ, പോനകം, (റൂം നം.7) | 1020/- | 12240/- | 9220/- | 3020 |
| 3 | എസ്. ഗോപാലകൃഷ്ണൻ, | 349x2 | 8376 | 7678/- | 698/- |

| | | | | |
|---|---|---|---|---|
| | പ്രസിഡന്റ്, മിൽക്ക് സപ്ലൈസ് കോ-ഓപ്പ. സൊസൈറ്റി ( 2മുറികൾ) | | | |
| | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത്) | | | |
| 4. | സതീശൻ, സുധീഷ് ഭവനം, പുന്നമൂട് (റൂം നം. 159/35) | 1313/- | 15756/- | 13130/- | 2626/- |
| 5. | സതീശൻ, സുധീഷ് ഭവനം, പുന്നമൂട് (റൂം നം. 159/36) | 1313/- | 15756/- | 5252/- | 10504/- |
| 6. | ഗിൽബർട്ട് ശാമുവേൽ, ആയിക്കോമത്ത്, കായംകുളം. (റൂം നം. 159/37) | 1700/- | 20400/- | 15300/- | 5100/- |
| 7. | ഗിൽബർട്ട് ശാമുവേൽ, ആയിക്കോമത്ത്, കായംകുളം. (റൂം നം. 159/39) | 1700/- | 20400/- | 15300/- | 5100/- |
| 8. | ഷിബു.ജി, പ്ലാവേലിൽ കിഴക്കേതിൽ, മാവേലിക്കര. (റൂം നം. 159/31) | 1852/- | 22224/- | 12964/- | 9260/- |
| 9. | ഷിബു.ജി, പ്ലാവേലിൽ കിഴക്കേതിൽ, മാവേലിക്കര. (റൂം നം. 159/32) | 1852/- | 22224/- | 12964/- | 9260/- |
| | റെസ്റ്റ് ഹൗസ് | | | | |
| 10. | സൂപ്രണ്ട്, കോർട്ട് പോസ്റ്റ് ഓഫീസ്, മാവേലിക്കര | 1852/- | 22224/- | ഇല്ല | 22224/- |
| | വനിതാ കാന്റീൻ | | | | |
| 11. | സതിയമ്മ, ആരണ്യാ നിവാസ്, ഭരണിക്കാവ് | 9188/- | 110256/- | ഇല്ല | 110256/- |
| | മുനിസിപ്പൽ ബസ്സ്സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 12. | വിജീഷ് വിശ്വൻ, വിശ്വശാന്തി ഭവൻ, (റൂം നം. 3) | 4700/- | 56400/- | ഇല്ല | 56400/- |
| 13. | സുനിൽകുമാർ, ഇളയിടത്ത്, പത്തിയൂർതോട്ടം (റൂം നം. 11) | 2315/- | 27780/- | ഇല്ല | 27780/- |
| 14. | സുനിൽകുമാർ, ഇളയിടത്ത്, പത്തിയൂർതോട്ടം (റൂം നം. 14) | 2315/- | 27780/- | ഇല്ല | 27780/- |
| | എൽഐസി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 15. | പ്രകാശ് രാംദാസ്, അഞ്ചൽക്കാരന്റെ തെക്കേതിൽ (റൂം നം. 4) | 3500/- | 42000/- | 14000/- | 28000/- |
| 16. | പ്രഭകുമാർ.ബി. പേരത്തേരിൽ ചിറയിൽ, | 1460/- | 17520/- | 13140/- | 4380/- |

| | | | | | |
|---|---|---|---|---|---|
| | പുതിയകാവ്<br>(റൂം നം. 10) | | | | |
| 17. | മാത്യൂ.സി.കുറ്റിശ്ശേരിൽ,<br>(റൂം നം. 13) | 2109/- | 25308/- | ഇല്ല | 25308/- |
| | ബസ്സ്സ്റ്റാന്റ് കോംപ്ലക്സ് (പഴയത്) | | | | |
| 18. | രമേശൻ, രമേശ് ഭവനം, മണക്കാട് (റൂം നം. 146 എഫ്) | 4792/- | 57504/- | 14376/- | 43128/- |
| 19. | ബാബു. യു. (റൂം നം. 5) | 2797/- | 33564/- | ഇല്ല. | 33564/- |
| | | | | ആകെ | 439676/- |

ഡിമാന്റ് രജിസ്റ്ററിലെ കുടിശികകൾ തമ്മിൽ 171140/-(439676-268536) രൂപയുടെ വ്യത്യാസം കാണുന്നു.

നിരവധി പൊരുത്തക്കേടുകൾ നിറഞ്ഞതാണ് ഡിമാന്റ് രജിസ്റ്റർ. പല ഷോപ്പിംഗ് കോംപ്ലക്സുകളിലും മുറികൾ ഒഴിഞ്ഞു കിടക്കുന്നുമുണ്ട്. മുനിസിപ്പൽ ബസ്സ്സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സിലെ 1,2,5,8,9,10 കടമുറികൾ, എൽഐസി ഷോപ്പിംഗ് കോംപ്ലക്സിലെ 8-ാം നമ്പർ കടമുറി, അപ്സ്റ്റെയർ ഹാൾ, കണ്ടിയൂർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ 2-ാം നമ്പർ കടമുറി എന്നിവ ഒഴിഞ്ഞു കിടക്കുന്നു.

<u>ഓഡിറ്റോറിയം വാടക</u>

നഗരസഭയുടെ കീഴിൽ നിലവിൽ ടൗൺ ഹാളും, ഊട്ടുപുരയും, അംബേദ്ക്കർ ഹാൾ, ലൈബ്രറി ഹാൾ എന്നിങ്ങനെ 3 ഹാളുകൾ ഉള്ളതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. ഇതിൽ ടൗൺ ഹാളിന് ബൈലോ തയ്യാറാക്കിയിട്ടില്ല. ഈ ഓഡിറ്റോറിയങ്ങൾക്കായി 3 രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ട്. എന്നാൽ ഈ രജിസ്റ്ററുകൾ പരിശോധിച്ചാൽ ഓഡിറ്റോറിയങ്ങൾ എന്താവശ്യത്താനായി, എത്ര ദിവസം ഉപയോഗിച്ചുവെന്നോ, ഇവയിൽ നിന്നും ലഭ്യമായ വരുമാനം എത്രയെന്നോ, ഊട്ടുപുരയും, ടൗൺഹാളും ഒന്നിച്ചാണോ വാടകയ്ക്ക് നൽകുന്നതെന്നോ തുടങ്ങി ഒരു വിവരങ്ങളും കൃത്യമായി മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ക്യാഷ് അടച്ച രസീതുകൾ, അവയുടെ നമ്പർ, തീയതി എന്നിവയൊന്നും രജിസ്റ്ററിനൊപ്പം സൂക്ഷിക്കുന്നില്ല. അതു കൊണ്ട് തന്നെ ഈ രജിസ്റ്റർ പ്രകാരം ഈ ഓഡിറ്റോറിയങ്ങളിൽ നിന്ന് നഗരസഭയ്ക്ക് ലഭിച്ച വരുമാനം എത്രയെന്ന് തിട്ടപ്പെടുത്താനും, അവയുടെ കൃത്യത ബോദ്ധ്യപ്പെടാനും കഴിയുന്നില്ല. രജിസ്റ്റർ പരിപാലിക്കുന്നതിലെ വീഴ്ചയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രജിസ്റ്ററിലെ ബുക്കിംഗ് പ്രകാരം ടൗൺ ഹാളിന്റെ വാടകയായി ഏപ്രിൽ മാസം 9000/- രൂപ ലഭിക്കേണ്ടതാണ്. എന്നാൽ സാംഖ്യ പ്രകാരം വരവ് 2500/- രൂപ മാത്രമാണെന്ന് കാണുന്നു. ഈ വ്യത്യാസത്തിന്റെ കാരണവും വിശദമാക്കിയില്ല.

മുകളിൽ പരാമർശിച്ച അപാകതകളിന്മേൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 9 ന് മറുപടി ലഭ്യമാക്കിയില്ല. സാമ്പത്തിക നില അത്രയൊന്നും ഭദ്രമല്ലാത്ത നഗരസഭ കടമുറികളും മറ്റും വാടകയ്ക്ക് നൽകുന്നതിലും, വാടകയ്ക്ക് നൽകിയ കടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിലും, മുൻവർഷങ്ങളിലേതടക്കമുള്ള കുടിശിക ഈടാക്കുന്നതിലും കാണിക്കുന്ന അലംഭാവം ഗൗരവതരമായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 ലോഡ്ജിംഗ് റൂമുകളിൽ നിന്നും മുറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യമായ വ്യാപാരങ്ങൾക്കും മറ്റുവ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക-2 ൽ നിർദ്ദേശിച്ച പ്രകാരമുള്ള ലൈസൻസ് ഫീസാണ് നഗരസഭ ചുമത്തുന്നത്. ഓരോ ഇനത്തിനും നഗരസഭയിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് സംബന്ധിക്കുന്ന ബൈ-ലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ചട്ടങ്ങളുടെ അനുബന്ധമായ പട്ടിക -2 പ്രകാരം ലോഡ്ജിംഗ് ഹൌസുകളെ മുറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ചുമത്തേണ്ടത്. ഇത് സംബന്ധിക്കുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 10 നോൺ എ.സി മുറികൾ വരെ | 1500 |
| അധികമുള്ള ഓരോ നോൺ എ.സി മുറിക്കും | 200 |

എന്നാൽ നഗരസഭ ലൈസൻസ് നൽകിയിട്ടുള്ള താഴെ പറയുന്ന ലോഡ്ജിംഗ് ലൈസൻസികളുടെ കെട്ടിടങ്ങൾ സംബന്ധിച്ച സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരമുള്ള മുറികളുടെ എണ്ണം കണക്കാക്കി ലൈസൻസ് ഫീസ് പിരിക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞില്ല. ഇത് നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് കെട്ടിട നം | സഞ്ചയ പ്രകാരം കെട്ടിടങ്ങൾ | ചുമത്തിയ ഫീസ് | ചുമത്തേണ്ട ഫീസ് |
|---|---|---|---|
| പ്രേംകുമാർ മാധവം V/154 | 40 | 2000 | 7500 |
| എൻ.വിശ്വനാഥൻ പിള്ള ,വന്ദനം V/555B | 12 | 1500 | 1900 |
| മേരി നൈനാൻ പ്ലാമൂട്ടിൽ IV/490 (C) | 16 | 2000 | 2700 |
| പി.എ നൈനാൻ പ്ലാമൂട്ടിൽ IV/490 (7) | 15 | 2000 | 2500 |
| ജോൺ വർഗ്ഗീസ്, ഐശ്വര്യ II/175 R | 18 | 2000 | 3100 |
| വി.ഡി സോമനാഥൻ സന്ദീപ് ഭവൻ VI/544 A | 21 | 2000 | 3700 |
| ആകെ കുറവ് വന്ന ലൈസൻസ് ഫീസ് | | | 20800 |

കുറവ് ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.53/19.03.20) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീസിനത്തിൽ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന സാഹചര്യം ധനകാര്യ സ്ഥിരം സമിതി പരിഗണിക്കേണ്ടതും സ്വീകരിച്ച നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-27 പൊതുലേലം-ആസ്തികൾ സജ്ജമാക്കി കൈമാറുന്നതിന് താമസം നേരിടുന്നു

1.കണ്ടിയൂർ വ്യവസായ എസ്റ്റേറ്റിലെ എസ്സ്.സി വിഭാഗത്തിനുള്ള കെട്ടിടം വയറിംഗ് പൂർത്തീകരിച്ചതാണെന്നും കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ കൂടി സജ്ജമാക്കണമെന്നും മുനിസിപ്പൽ എൻജിനീയർ 03-02-2018 ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.(ഫയൽ നം-R2/804/18) എന്നാൽ ടി കെട്ടിടങ്ങൾ 2018-19 ലെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി കെട്ടിടത്തിന്റെ വയറിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടും വൈദ്യുതി കണക്ഷൻ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല. സമയബന്ധിതമായി വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് 2018-19 വർഷത്തിൽ തന്നെ ലൈസൻസികൾക്ക് നൽകാത്തത് കാരണം കെട്ടിടങ്ങളുടെ ഒരു വർഷത്തെ വാടകവരവ് നഗരസഭക്ക് നഷ്ടമാകുന്ന സാഹചര്യമുണ്ടായി.

2.ബസ്സ് സ്റ്റാൻഡിൽ നിർമ്മിച്ചിട്ടുള്ള പുതിയ ഷോപ്പിംഗ് കോംപ്ലക്സ്, ലൈബ്രറി കെട്ടിടത്തിനോട് ചേർന്ന് സെക്രട്ടറി ക്വാർട്ടേഴ്സിന്റെ താഴത്തെ നിലയിലെ രണ്ടു ഷോപ്പുകൾ എന്നിവയും നിലവിലും (2020-21)കൈമാറി നൽകുവാനായിട്ടില്ല.

എ) മാവേലിക്കര സ്വകാര്യ ബസ് സ്റ്റാൻഡിന് സമീപത്തായി നഗരസഭ 12 മുറികളുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്. മരാമത്ത് വിഭാഗത്തിന്റെ 12-02-20 ലെ പ്രതിമാസവാടക കണക്കാക്കിയ സ്റ്റേറ്റ്മെന്റിൽ ഈ കെട്ടിടത്തിന് 2 വർഷം പഴക്കമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് 11-02-18 നെങ്കിലും കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. ടി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകുന്നതിന് നാളിതുവരെയും നഗരസഭക്ക് സാധിച്ചിട്ടില്ല.

ബി) ലൈബ്രറി കെട്ടിടത്തിനോട് ചേർന്ന് സെക്രട്ടറി ക്വാർട്ടേഴ്സിന്റെ താഴത്തെ നിലയിലെ രണ്ടു ഷോപ്പുകളുടെ കാലപ്പഴക്കം 12-02-20 ലെ പ്രതിമാസവാടക കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 5 വർഷമാണ്. മുറികൾ വാടകക്ക് നൽകുന്നതിന് നാളിതുവരെയും നഗരസഭക്ക് സാധിച്ചിട്ടില്ല.

മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന ആസ്തികൾ യഥാസമയം കൈമാറി നൽകുന്നില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ്. വിഷയം ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.52/19.03.20) പ്രകാരം നഗരസഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതും സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതുമാണ്.

## 1-28 ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് (SBI A/C No. 67274077836) ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസ് തുകകളുടെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.36/18.03.2020)മറുപടി ലഭിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്ററിലും കരാർ രജിസ്റ്ററിലും തുകകളുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.
ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18, 2018-19 വർഷങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം മുഖേന കരാറുകാർ ഇ-ടെണ്ടർ ഫീ ഇനത്തിൽ മുനിസിപ്പൽ എഞ്ചിനീയറുടെ 67274077836 നമ്പർ അക്കൌണ്ടിലേക്ക് യഥാക്രമം 156532/- രൂപ, 53120/- രൂപയും ഒടുക്കിയിട്ടുണ്ട് .

നാളിതുവരെ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുകകൾ നഗരസഭാ അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-29 കളക്ഷൻ ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച്-

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. മാവേലിക്കര നഗരസഭയിൽ 2018-19വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം ഇനത്തിൽ ആകെ ഈടാക്കിയ തുകയുടെ വിവരങ്ങൾ അടങ്ങിയ പ്രവർത്തികളുടെ ലിസ്റ്റും, കളക്ഷൻ ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും(14/16-03-2020)വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ ഒരു ശതമാനം കുറവു ചെയ്യാതെയാണ് തുക ഒടുക്കിയിട്ടുള്ളതെങ്കിൽ ആയത് തിരികെ ഈടാക്കി തനതു ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽ കൂട്ടുന്നത്

കെ.പി.ഡബ്ല്യൂ.എ. കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി നഗരസഭയിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി. മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ

അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന വർഷത്തിലധികമായവ നഗരസഭയുടെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

മാവേലിക്കര നഗരസഭയുടെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഉള്ളതായി കാണുന്നു. ടി നിക്ഷേപങ്ങൾ നഗരസഭയുടെ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത്

സ. ഉ (പി)7/2016/ഫിൻ തീയതി. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം മാവേലിക്കര നഗരസഭയിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18, 18-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ഒരു ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ 1, 2 ,3 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ലായെന്ന മറുപടിയാണ് ലഭിച്ചത്. പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ആദായനികുതി ഈടാക്കിയിട്ടില്ല

നഗരസഭയുടെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്ക് അഡ്വക്കേറ്റ് ശ്രീ.റഷീദിന് വക്കീൽ ഫീസിനത്തിൽ 36,000/-രൂപ തനത് ഫണ്ടിൽ നിന്നും വൗച്ചർ നം.21800464/18/12/18 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 J പ്രകാരം പ്രതിവർഷം പ്രൊഫഷണൽ/ടെക്നിക്കൽ ചാർജിനത്തിൽ 30000/- രൂപയിൽ അധികരിക്കുന്ന വരുമാനത്തിന് മേൽ 10% ആദായ നികുതി (ടി.ഡി.എസ്.) കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആദായനികുതി കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ആദായ നികുതി ടിയാളിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 1-33 ഹോണറേറിയം തുക നൽകിയത്

തുടർ വിദ്യാഭ്യാസകേന്ദ്രത്തിലെ സാക്ഷരതാ പ്രേരക് ശ്രീമതി.ഉഷ ഷാജി, ശ്രീമതി.അജന്ത പ്രസാദ്, ശ്രീമതി.സീതാലക്ഷ്മി, ശ്രീമതി.ഷീജ, ശ്രീമതി.ജയസുനിൽ എന്നിവർക്ക് നഗരസഭയിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ഉൾപ്പെട്ട മാർച്ച് 2017ലെ ഹൊണറേറിയം യഥാക്രമം വൗച്ചർ നം.21800014/6.4.18-15,000/-രൂപ, 21800015/6.4.18, 21800016/6.4.18, 21800017/6.4.18, 21800018/6.4.18 – 12,000/-x4 രൂപ പ്രകാരം നൽകിയിട്ടുണ്ട്. G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 സർക്കാർ ഡ്യൂസ് അടയ്ക്കാത്തത്

വാർഷികകണക്ക് B9 ഷെഡ്യൂളിൽ താഴെപറയുന്ന ശീർഷകത്തിൽ സർക്കാരിലേക്ക് അടയ്ക്കാനുള്ള തുകകൾ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 350300400 | സർക്കാർ ഡ്യൂസ് വാറ്റ് | 114601 |
| 350309900 | സർക്കാർ ഡ്യൂസ് മറ്റിനങ്ങൾ | 3951219 |
| | ഓഡിറ്റ് റിക്കവറി | 175431 |

ടി തുകകൾ സർക്കാരിലേക്ക് അടവാക്കാത്തതിന് വിശദീകരണം ആരാഞ്ഞു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഡ്യൂസ് യഥാസമയം അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-35 മുൻകൂറായി അനുവദിച്ച തുക ക്രമവൽകരിച്ചില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അനുവദിക്കുന്ന താത്കാലിക മുൻകൂറുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 4.10.2011-ലെ 419/11/ധനം നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. യഥാസമയം ക്രമീകരണ ബില്ലുകൾ ഹാജരാക്കാത്ത താത്കാലിക മുൻകൂറുകൾ അനുവദനീയമായ സമയ പരിധി കഴിഞ്ഞാലുടൻ തന്നെ മുൻകൂർ നല്കിയ തീയതി മുതൽ തിരികെ അടക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% പലിശ സഹിതം തിരികെ ഈടാക്കണമെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ അഡ്വാൻസ് രജിസ്ററർ പരിശോധിച്ചതിൽ താഴെ പറയുന്ന നഗരസഭ ജീവനക്കാർക്ക് അനുവദിച്ച മുൻകൂർ തുക ഓഡിറ്റ് കാലയളവ് വരേയും ക്രമവൽകരിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | തുക | വൗച്ചർ നം, തീയ്യതി |
|---|---|---|
| ശ്രീമതി.ഡി.സുഭദ്ര | 1,000 | 19-7/18/7.7.18 |
| ശ്രീ.ജോതിസ് | 1,000 | 47-7/18/23.7.18 |
| ജെ.ഗിരിജ | 50,000 | 14-/8/18/10.8.18 |
| ശ്രീ.ശ്രീജിത്ത്.എസ് | 15,000 | 15-/8/18/13.8.18 |
| ശ്രീ.ദിലീപ്കുമാർ | 25,000 | 29-8/18/16.8.18 |
| ശ്രീ.ദിലീപ്കുമാർ | 15,000 | 50- 8/18/തീയതിയില്ല |
| ശ്രീ.ജോതിസ്,കാഷ്യർ | 1,000 | 55- 8/18/29.5.18 |
| ശ്രീമതി.രാജശ്രീ | 1,000 | 37-11/18/16.11.18 |
| ശ്രീമതി.രാജശ്രീ | 1,155 | 38-11/18/16.11.18 |
| ശ്രീമതി.രോഹിണി | 20,000 | 33-12/18/13/12/18 |
| ശ്രീമതി.രാജശ്രീ | 660 | 12-1/19//4.1.19 |
| ശ്രീ,സുരേഷ് | 20,000 | 39-1/19/19.1.19 |
| ശ്രീമതി.രാജശ്രീ | 1,000 | 15-1/19/5.1.19 |
| ശ്രീമതി.ഷീജ | 2,000 | 81-3/19/18.3.19 |
| ശ്രീമതി.ഷീജ. | 2,000 | 87-3/19/25.3.19 |
| ശ്രീമതി.ഗിരിജ . | 30,000 | 77-4/17/27.4.17 |
| ശ്രീ.കെ.മുരളി | 660 | 32-6/17/14.6.17 |
| ശ്രീമതി.ഗിരിജ | 20,000 | 34-7/17/11.7.17 |
| ശ്രീ.സുനിൽകുമാർ | 30,000 | 27-11/17/7.11.17 |
| ശ്രീ.സുനിൽകുമാർ | 20,000 | 19-12/17/18.12.17 |
| ശ്രീ.സുനിൽകുമാർ | 600 | 39-12/17-30.12.17 |
| ശ്രീ.കെ.ജോൺ | 15,000 | 38-2/18-26.2.18 |
| ആകെ | 2,72,075 | |

വിവിധയിനങ്ങളിൽ മുൽകൂറായി കൈപ്പറ്റിയ തുക ക്രമീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/17.03.20) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2,72,075 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിക്കുന്നതിനാവശ്യമായ

നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 നഗരസഭ ജീവനക്കാരെ എസ്.എൽ.ഐ, ജി.ഐ.എസ്. സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള സർവ്വീസ് റൂൾസ്, പാർട്ട്-1, ചട്ടം 22എ പ്രകാരം ഒരു ജീവനക്കാരൻ സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന തീയ്യതി മുതൽ ഒരു വർഷത്തിനകം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീമിലും, ചട്ടം 22 ബി പ്രകാരം 1984 സെപ്റ്റംബർ 1 ന് ശേഷം സർക്കാർ സേവനത്തിൽ പ്രവേശിക്കുന്നവരും 50 വയസ് പൂർത്തിയാക്കാത്ത നിലവിലുള്ള ജീവനക്കാരും ജി.ഐ.എസ്. പദ്ധതിയിലും ചേർന്നിരിക്കണം. സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിർബ്ബന്ധിത ഇൻഷ്വറൻസ് പദ്ധതികളായ ഗ്രൂപ്പ് ഇൻഷ്വറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും 12/01/2004 ലെ ജി.ഒ (പി) 25/04/ഫിൻ, ജി.ഒ.(പി) 26/04/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരം ബാധകമാക്കിയിട്ടുണ്ട്. 14/05/04 ലെ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ D10/KKD/General/246/04 നമ്പർ കത്ത് പ്രകാരം 50 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ ജീവനക്കാരെയും പദ്ധതിയിൽ ചേർക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സമയപരിധിക്കകം എസ്.എൽ.ഐ. പദ്ധതിയിൽ അംഗമാകാത്ത ഉദ്യോഗസ്ഥർക്ക് ഒന്നാമത്തെ ഇൻക്രിമെന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല. മേൽ രണ്ട് പദ്ധതികളിലും ചേരാത്ത നഗരസഭയിലെ റഗുലർ, കണ്ടിജന്റ് ജീവനക്കാർ, അംഗത്വം എടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-37 ലൈബ്രറി സെസ്- ഒടുക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും ഒടുക്കേണ്ടതാണ് (സർക്കുലർ നം.10088/എൽ 3/05/തസ്വഭവ തീയതി.20.09.2005). ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് ടി സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും 2018-19 വർഷം ഈയിനത്തിൽ തുക ഒടുക്കിയിരുന്നില്ല. ധനകാര്യപത്രികയുടെ ആർ.പി.29 ഷെഡ്യൂളിൽ 2018-19 വർഷം 8,76,453/-രൂപ വരവുള്ളതായും ബി9 ഷെഡ്യൂളിൽ 31.3.2019ൽ 38,80,225/-രൂപ നീക്കിയിരിപ്പ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കു വരുത്താതിരുന്നതിനുള്ള കാരണം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-38 പാലിയേറ്റീവ് കെയർ -മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്ട് നമ്പർ – 108

അടങ്കൽ - 570000

ചെലവ് – 499267

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ബിൽ നം. 6/18-19/14.03.2019 പ്രകാരം പിൻവലിച്ച 98794/- രൂപയിൽ 82816/-രൂപ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതാനായി വിനിയോഗിച്ചു. ചുവടെ ചേർക്കുന്ന പ്രോഫോർമ ഇൻവോയിസ് പ്രകാരം കെ.എം.എസ്.സി.എൽ ന് ഈ തുക അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തു നല്കിയെങ്കിലും മരുന്നിന്റെയും ഉപകരണങ്ങളുടെയും ലഭ്യത പൂർണ്ണമായിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു.

| ഇനം | പ്രോഫോർമ ഇൻവോയിസ് നം /തീയതി | തുക | ഇൻവോയിസ് നം / തീയതി / മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മരുന്ന് | 9428/01.03.2019 | 60000 | 8659/18.11.2019 - 4792 രൂപ<br>890/26.11.2019 - 1297രൂപ | 53911 |
| ഉപകരണങ്ങൾ | 4921/01.03.2019 | 22816 | 8662/18.11.2019- 18729 രൂപ | 4087 |
| | ആകെ | 82816 | 24818 | 57998 |

അഡ്വാൻസായി തുക അടച്ച് ഒരു വർഷത്തോളമായിട്ടും മരുന്നും ഉപകരണങ്ങളും ലഭിയ്ക്കുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 7/13.03.2020 ന് മറുപടി ലഭിച്ചില്ല.

മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തതിനാൽ ആഡ്വാൻസായി നല്കിയ 98794/-രൂപയിൽ നിന്നും ഇനിയും ലഭിയ്ക്കുവാനുള്ളവയ്ക്കായി ചെലവഴിച്ച 57998/-രൂപ തടസ്സപ്പെടുത്തുന്നു. ഇവയുടെ പൂർണ്ണമായ ലഭ്യത ഓഡിറ്റിൽ അറിയിക്കുന്ന മുറയ്ക്ക് ചെലവ് പുന: പരിശോധിയ്ക്കുന്നതാണ്.

# 1-39 സ്വയം തൊഴിലിന് ഓട്ടോറിക്ഷ (പട്ടികജാതി)നടപടിക്രമങ്ങളിൽ വീഴ്ച

പ്രൊജക്റ്റ് നം. S0068/18-19

അടങ്കൽ – 4,00,000/-

ചെലവ് – 60,000/-

ബിൽ നം. 2/18-19/29-03-19, 60,000/-

വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽപ്പെടുത്തി ആകെ ഒരാൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. നഗരസഭയുടെ ഒപ്പും, സീലുമില്ല എന്ന കാരണത്താൽ തിരിച്ചയച്ച 21 പേരടങ്ങുന്ന (ശ്രീ.ഹരി എന്നയാളുടെ പേരെഴുതി ചേർത്ത് 22 ആക്കിയിട്ടുണ്ട്.) ആദ്യത്തെ ഗുണഭോക്തൃലിസ്റ്റിൽ, ആനുകൂല്യം കൈപ്പറ്റിയ ശ്രീ. ബിനു. പി.ആർ. പുത്തൻതറയിൽ, മാവേലിക്കര എന്ന ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിരുന്നില്ല. എന്നാൽ വ്യവസായ വകുപ്പിൽ തിരികെ ലഭിച്ച ലിസ്റ്റിൽ ശ്രീ.ഹരി എന്നയാളിന്റെ പേരിനു പകരം ശ്രീ. ബിനു എന്ന വ്യക്തിയുടെ പേരാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടിയാളെ വാർഡ് സഭ ഗുണഭോക്താവായി അംഗീകരിച്ചതാണോ എന്നതിനും രേഖകളില്ല. ഇത്തരത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിൽ തന്നെ അപാകങ്ങൾ സംഭവിച്ചതായി കാണുവാൻ സാധിക്കും. ആനുകൂല്യം ലഭിച്ച ടിയാളുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. ആയതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. മുകളിൽ പരാമർശിച്ച അപാകതകളിന്മേൽ രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 49 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 60000/- രൂപതടസ്സത്തിൽ വെയ്ക്കുന്നു.

# 1-40 സോളാർ പാനൽ സ്ഥാപിക്കൽ -പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷം മുൻസിപ്പൽ ബസ് സ്റ്റാന്റിലെ ഷോപ്പിങ്ങ് കോംപ്ലക്സ്, ക്യാന്റീൻ കെട്ടിടം, ആയുർവേദ ആശുപത്രി എന്നീ കെട്ടിടങ്ങളുടെ മുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്ത് തുക വകയിരുത്തുകയുണ്ടായി. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 180/18-19 |
| പ്രോജക്ടിന്റെ പേര് | സോളാർ പാനൽ സ്ഥാപിക്കൽ |
| ഫണ്ടിനം | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| വകയിരുത്തിയ തുക | 2000000 |
| ചെലവഴിച്ച തുക | 1985500 |
| ബിൽ നമ്പർ/ തീയതി | 68/18-19 തീയതി. 13.03.2019 |

സൗരോർജ്ജ വൈദ്യുതി ഉൽപാദന സംവിധാനം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും, ആവശ്യമായ ഊർജ്ജ ഉപഭോഗം നടത്തുകയും ശേഷിക്കുന്നവ ഗ്രിഡുമായി ബന്ധിപ്പിച്ച് വൈദ്യുതി ബോർഡിന് നല്കുകയും ചെയ്യുക എന്ന വിപുലമായ ആശയത്തോടെയാണ് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയത്.

16.01.2018 ലെ മുൻസിപ്പൽ കൌൺസിലിന്റെ 11(4) നമ്പർ തീരുമാനപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ സാധ്യതാപഠനത്തിനായി കെ.എസ്.ഇ.ബി.യ്ക്ക് 29.11.18 ൽ അപേക്ഷ നൽകുകയും ചെയ്തു. അപേക്ഷയിന്മേൽ പരിശോധന നടത്തിയ കെ.എസ്.ഇ.ബി. 06.12.18 ൽ അനുയോജ്യമാണെന്ന സാധ്യതാപഠന പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

തദ്ദേശ സ്വയംഭരണ സ്ഥാപനം(ഡി.എ) വകുപ്പിന്റെ 03.06.14 ലെ സ.ഉ. (സാധ)നം.1384/2014 ഉത്തരവ് പ്രകാരം ANERT, KELTRON എന്നീ ഏജൻസികളെ സൌരോർജ്ജപദ്ധതി പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ANERT ൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ 07.02.18 ലെ 7-ാം നമ്പർ തീരുമാനപ്രകാരം കമ്മറ്റി അംഗീകരിച്ചു. ANERT സമർപ്പിച്ച എസ്റ്റിമേറ്റ് താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പാനൽ സ്ഥാപിക്കുന്ന സ്ഥലം | ഉദ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ശേഷി (യൂണിറ്റിൽ) | എസ്റ്റിമേറ്റ് തുക | സർവ്വീസ് ചാർജ്ജ് |
|---|---|---|---|---|
| 1 | ആയുർവേദ ആശുപത്രി | 30 KW | 405000 | 40500 |
| 2 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോപ്ലക്സ് | 10KW | 700000 | 70000 |
| 3 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ക്യാന്റീൻ | 15KW | 700000 | 70000 |
| **ആകെ** | | | **1805000** | **180500** |
| | | | **1985500** | |

2019 ജനവരി 25 ന് ANERT ആലപ്പുഴ ജില്ലാ എൻജിനീയറും മുൻസിപ്പൽ സെക്രട്ടറിയുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും എസ്റ്റിമേറ്റ് തുക ബിൽ നമ്പർ-68/18-19 തീയതി.13.03.19 പ്രകാരം പിൻവലിച്ച് ANERT ന്റെ SBI – 67141603182 എന്ന അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

ഉടമ്പടി പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ 4 മാസത്തിനുള്ളിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നല്കും എന്ന് ഉടമ്പടിയിൽ (clause-4) രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം പണിപൂർത്തിയാക്കി വൈദ്യുതി ഉദ്പാദനം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. ഉടമ്പടി പ്രകാരം പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ ഡെപ്പോസിറ്റ് തുകയും ദേശസാൽകൃത ബാങ്കിന് അനുവദിനീയമായ സേവിങ്ങ് പലിശയും ഉൾപ്പടെ തിരികെ നൽകും എന്ന് എഗ്രിമെന്റിൽ (clause-14) ഉണ്ട്. ഉടമ്പടിയിലെ വ്യവസ്ഥകൾ ഒന്നുംതന്നെ പാലിക്കപ്പെട്ടില്ല. പണി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടാവുന്നത് സംബന്ധിച്ചും കരാർ കാലയളവിന് ശേഷവും പണിപൂർത്തികരിക്കാത്തതിന്റെ കാരണം അന്വേഷിച്ചുകൊണ്ടും ഏജൻസിയുമായി നടത്തിയിട്ടുള്ളതായിട്ടുള്ള ഒരു കത്തിടപാടുകളും ഫയലിൽ ലഭ്യമല്ല.

ഫീസിബിലിററിയുടെ കാലാവധി 06.02.18 ന് അവസാനിച്ചു. തുടർന്ന് ഫീസിബിലിറ്റിക്കായി അപേക്ഷ നൽകിയതൊഴിച്ച് പദ്ധതി നിർമ്മാണം നടത്തി വൈദ്യുത ഉൽപാദനം തുടങ്ങുന്നതിന് യാതൊരുവിധ നടപടികളും നഗരസഭ നടത്തുന്നില്ല എന്നുള്ളത് അധികൃതരുടെ ഉദാസീനത വ്യക്തമാക്കുന്നു. ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ച് ലക്ഷക്കണക്കിന് രൂപ ഡെപ്പോസിറ്റ് നടത്തിയിട്ട് തുടർ നടപടികൾ യഥാസമയം സ്വീകരിക്കാത്തതിനാലാണ് ഇത്തരം പദ്ധതികൾ ലക്ഷ്യം കൈവരിക്കാത്തത്. ഭരണസമിതിയുടെ ശക്തമായ ഇടപെടലുകൾ ഇത്തരം പദ്ധതി നിർവ്വഹണത്തിൽ അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിക്കായി ചെലവഴിച്ച 19,85,550/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-41 കെൽട്രോണിന് അധിക തുക നൽകി ഓഫീസിലേക്ക് കമ്പ്യൂട്ടർ

## വാങ്ങൽ- തുക നിരാകരിയ്ക്കുന്നു

നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി വികസനഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 239/18-19 |
| പദ്ധതിയുടെ പേര് | ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| ഫണ്ടിനം, തുക | വികസനഫണ്ട്(ജനറൽ) 490000 |
| ചെലവ് | 414819 |
| ബിൽ നമ്പർ, തീയതി | 45/18-19 തീയതി. 10.12.18 |

20.06.2018 ലെ പ്രോക്യുയർമെന്റ് കമ്മറ്റിയുടെ തീരുമാന പ്രകാരം നഗരസഭ ഓഫീസിലേക്ക് IKM Technical Officer ഹാജരാക്കിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 12 കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ശുപാർശ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 9 കമ്പ്യൂട്ടറുകളും 4 പ്രിന്ററുകളും KELTRON ൽ നിന്നും വാങ്ങുകയുണ്ടായി.

KELTRON-നിന്നും വാങ്ങിയ കമ്പ്യൂട്ടറിന്റെ വിലവിവരം ചുവടെ ചേർക്കുന്നു

| ഇനം | നിരക്ക് | എണ്ണം | വില |
|---|---|---|---|
| Desktop Medium end-windows-10 prof | 41259 | 9 | 371331 |

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (cprcs.kerala.gov.in) മുഖേന വാങ്ങേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ 7.52 ആയി ഖണ്ഡിക കൂട്ടിച്ചേർക്കുകയും ഐ.ടി. വകുപ്പ് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.(ജി.ഒ.(എം.എസ്)നം. 31/2018/ഐ.റ്റി.ഡി. തിരുവനന്തപുരം, തീയതി. 24.11.18.)

സി.പി.ആർ.സി.എസ്. പ്രസിദ്ധീകരിച്ച ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലവിവര പട്ടിക പ്രകാരം KELTRON ൽ നിന്നും നഗരസഭ വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ യഥാർത്ഥ വില ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | നിരക്ക് | എണ്ണം | വില |
|---|---|---|---|
| Desktop Medium end-windows-10 prof | 38533 | 9 | 346797 |

സി.പി.ആർ.സി.എസ്. ഓൺലൈൻ പോർട്ടൽ വഴി കമ്പ്യൂട്ടർ വാങ്ങുകയായിരുന്നുവെങ്കിൽ 24,534/- രൂപയുടെ കുറവ് വാങ്ങലിൽ ഉണ്ടാവുമായിരുന്നു. സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തിയതിലൂടെ ഉണ്ടായ അധിക ചെലവ് തുകയായ 24534/- രൂപ നിരാകരിയ്ക്കുന്നു.

## 1-42 സോഡിയം വേപ്പർ ലാമ്പ് അറ്റകുറ്റപ്പണികൾ-സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക വകയിരുത്തി

നഗരസഭ 2018-19 സാമ്പത്തികവർഷത്തെ രണ്ട് പദ്ധതികളിലൂടെ മാവേലിക്കര കെ.എസ്.ഇ.ബി. ഡിവിഷനിലേയും, തട്ടാരമ്പലം കെ.എസ്.ഇ.ബി. ഡിവിഷനിലേയും (മാവേലിക്കര നഗരസഭ പരിധിയിൽ ഉള്ള) സോഡിയം വേപ്പർ ലാമ്പ് അറ്റകുററപ്പണികൾക്കായി തുകവകയിരുത്തി ചെലവഴിക്കുകയുണ്ടായി. കൂടാതെ 2017-18 സാമ്പത്തികവർഷം നടത്തിയ അറ്റകുറ്റപ്പണികളുടെ കുടിശ്ശിക തുക നല്കുന്നതിനുംകൂടി ഈ തുകയിൽ വകയിരുത്തിയിരുന്നു.തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ/പേര് | 245/2018-19, സോഡിയം വേപ്പർ ലാമ്പ് മെയിന്റനൻസ് |
| വികസനഫണ്ട് | 150000 |
| | |

| | | |
|---|---|---|
| ചെലവ് | 40312 |
| | ബിൽനമ്പർ -29/18-19 തീയതി.10.10.18 |
| പദ്ധതിയുടെ നമ്പർ, പേര് | 07/2018-19 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 10,00000 |
| ചെലവ് | 72,000 |
| | ബിൽ നമ്പർ 60/18-19 തീയതി, 20.03.19 |

നഗരസഭ 28 വാർഡുകളിലുള്ള സ്ട്രീറ്റ് ലൈറ്റ് പോസ്റ്റുകളിലെ 129 സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപ്പണികൾക്ക് 750/- രൂപ നിരക്കിൽ ശ്രീ.ഗോപാലകൃഷ്ണൻ, കൊച്ചുപറമ്പിൽ, പൊന്നാരംതോട്ടം എന്ന വ്യക്തി കരാർ ഏറ്റെടുത്തു പ്രവൃത്തി ചെയ്യുകയുണ്ടായി. 2017-18 സാമ്പത്തികവർഷം ടിയാൾക്ക് നല്കാനുണ്ടായിരുന്ന 5 മാസത്തെ കുടിശ്ശിക തുകയായ 40312/- രൂപ മേൽ പ്രോജക്ട് പ്രകാരം നൽകുകയുണ്ടായി.

2018-19 സാമ്പത്തികവർഷം സോഡിയം വേപ്പർ വിളക്കുകളുടെ അറ്റക്കുറ്റപ്പണികൾക്കായി താഴെപ്പറയുന്നപ്രകാരം സാമഗ്രികൾ വാങ്ങുകയുണ്ടായി

| ഇനം | എണ്ണം | നിരക്ക് | എസ്.ജി.എസ്റ്റി& സി.ജി.എസ്.റ്റി | ആകെ |
|---|---|---|---|---|
| സോഡിയം വേപ്പർ ലാമ്പ് 250W | 150 | 361.86 | 9771 | 64050 |
| സോഡിയം വേപ്പർ ലാമ്പ് ഹോൾഡർ | 75 | 89.83 | 1212 | 7950 |

രണ്ട് പദ്ധതികളിലായി 1,12,312/- രൂപ ആകെ ചെലവഴിക്കുകയുണ്ടായി.

സർക്കാർ ഉത്തരവ് (കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 2018-19 മുതൽ 2021-22 വരെ ബാധകമായ സബ്സിഡി മാർഗ്ഗരേഖ) ഖ.7.9.1 പ്രകാരം പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈ വോൾട്ട് ഇൻകാൻഡസെന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനെ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് വകയിരുത്തി ഏറ്റെടുക്കാവുന്നതാണ്.

ഉത്തരവുകൾക്ക് വിരുദ്ധമായി വികസനഫണ്ടിൽ തുക വകയിരുത്തി സോഡിയം വേപ്പർലാമ്പുകളുടെ അറ്റകുററപ്പണികൾ നടത്തിയതിന് അംഗീകരിക്കാനാവില്ല. ചെലവഴിച്ച 1,12,312/- രൂപയ്ക്ക് ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുന്നു.

# 1-43 മീറ്റർ ഘടിപ്പിക്കാത്തതിനാൽ തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ അധിക ബാധ്യത

2018-19 സാമ്പത്തിക വർഷം തെരുവ് വിളക്കുകൾക്കുകളുടെ വൈദ്യുത ചാർജ് ഇനത്തിൽ നഗരസഭ 36,89,780/- രൂപ ബോർഡിന് ഒടുക്കിയിട്ടുണ്ട്. (സെക്ഷൻ നൽകിയ കണക്കുകൾ പ്രകാരം). തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനായി തനത് ഫണ്ട് തികയാതെ വന്നതിനാൽ 2018-19 സാമ്പത്തികവർഷം നഗരസഭ പ്രത്യേകം പദ്ധതി വിഭാവനം ചെയ്തിരുന്നു. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിഹിതത്തിൽ നിന്നും 15,00000/- രൂപ വൈദ്യുത ചാർജ്ജിനായി മാത്രം വകയിരുത്തി. ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിമാന്റ് നോട്ടീസ് ലഭിക്കുന്ന മുറയ്ക്ക് വകയിരുത്തിയ പ്രോജക്ട് തുകയിൽ നിന്നും വൈദ്യുത ചാർജ്ജ് തുക പിൻവലിച്ച് ബോർഡിന് നൽകുകയാണ് ചെയ്തത്. പ്രോജക്ട് തുക അഞ്ച് മാസത്തേക്ക് മാത്രമേ തികയൂ ബാക്കി വരുന്ന വൈദ്യുത ചാർജ്ജ് ബിൽ തുകകൾ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് നല്കുകയുണ്ടായി.

തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് വർദ്ധനവിന്റെ പ്രധാന കാരണം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതിനാലാണ്. 07.07.2010ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നഗരസഭ ഇതിനായി യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുക 31.03.2013 ന മുൻപ് അടയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കെഎസ്ഇബി 50ശതമാനം ഇളവ് പ്രഖ്യാപിച്ചിരുന്നു. ഈ ആനുകൂല്യം നേടിയെടുക്കുന്നതിലും നഗരസഭ ശ്രമിച്ചില്ല.

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ നഗരസഭയ്ക്ക് സാമ്പത്തികവർഷത്തിൽ ഉണ്ടാകുന്ന ഉയർന്ന സാമ്പത്തിക ബാധ്യത സ്ഥാപനത്തിന്റെ സാമ്പത്തിക അടിത്തറയെ തകർക്കുന്നതാണ്.

നഗരസഭയും വൈദ്യുതബോർഡും തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന 2014-15 സാമ്പത്തികവർഷത്തിനുശേഷം നടത്തിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് വൈദ്യുത ബോർഡിൽ നിന്നും ഹാജരാക്കിയ വൈദ്യുത വിളക്കുകളുടെ താരിഫ് റേറ്റ് പ്രകാരം മെർക്കുറി വേപ്പർ ലാമ്പുകളും, സോഡിയം വേപ്പർ ലാമ്പുകളും, ഫ്ലൂറസെന്റ് ലാമ്പുകളും മാത്രം തെരുവുവിളക്കുകളുടെ 90 ശതമാനത്തിൽ ഉൾപ്പെടുന്നു. ആകെ 50 വിളക്കുകൾ മാത്രമേ സി.എഫ്.എൽ.ഇനത്തിലുള്ളവ ഉള്ളൂ എന്നാണ് വൈദ്യുതി ബോർഡിന്റെ കണക്ക്. എന്നാൽ 2018-19 സാമ്പത്തികവർഷം മാത്രം പ്രോജക്ട് നമ്പർ 07/18-19 പ്രകാരം 36 വാട്ടിന്റെ 300 സി.എഫ്.എൽ ബൾബുകൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുകയും അവ സ്ഥാപിക്കുന്നതിന് വാർഡ് കൌൺസിലർമാർ കൈപ്പറ്റുകയുണ്ടായി. ഇതൊന്നും വൈദ്യുത ബോർഡിന്റെ കണക്കിൽ ഉൾപ്പെടാതെ, ഉയർന്ന ഊർജ്ജ ഉപഭോഗമുള്ള ബൾബുകൾക്ക് 12 മണിക്കൂർ ബേർണിംഗ് ഹവേഴ്സ് എന്ന നിലയ്ക്ക് ബോർഡ് ചാർജ്ജ് കണക്കാക്കി ഈടാക്കിക്കൊണ്ടിരിക്കുകയാണ്.

2014-15 സാമ്പത്തികവർഷത്തിനു ശേഷമുള്ള ഓരോ വർഷങ്ങളിലും തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കും, തെരുവുവിളക്ക് മാറ്റി സ്ഥാപിക്കുന്നതിനും പദ്ധതികൾ ആവർത്തിച്ച് നടപ്പാക്കിയിട്ടും സി.എഫ്.എൽ. ബൾബുകളുടെയും, എൽ.ഇ.ഡി ബൾബുകളുടെയും എണ്ണത്തിൽ യാതൊരു വർദ്ധനവും കാണുന്നില്ല എന്നുള്ളത് കൃത്യമായ ഇടവേളകളിൽ സംയുക്തപരിശോധന നടത്തുന്നില്ല എന്നതിന്റെ തെളിവാണ്.

നഗരസഭാ പരിധിയിൽ എത്ര എണ്ണം വൈദ്യുത പോസ്റ്റുകളുണ്ടെന്നും അതിൽ ഏതെല്ലാം ഇനത്തിലുള്ള വൈദ്യുത വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഉള്ള കൃത്യമായ കണക്ക് ഇപ്പോഴും നഗരസഭയിൽ ലഭ്യമല്ല. സംയുക്ത പരിശോധന നടത്തി എണ്ണവും ഇനവും സംബന്ധിച്ച കണക്കുകൾ കാലികമാക്കുന്നതിന് അധികൃതർ നടപടി സ്വീകരിയ്ക്കേണ്ടത് അനിവാര്യമാണ്.

സർക്കാർ ഉത്തരവ് (കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 2018-19 മുതൽ 2021-22 വരെ ബാധകമായ സബ്സിഡി മാർഗ്ഗരേഖ) ഖ.7.9.1 പ്രകാരം പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈ വോൾട്ട് ഇൻകാൻഡസെന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനെ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ ഉത്തരവിൽ ഖ.7.2.2 ൽ എൽ.ഇ.ഡി. ബൾബുകൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്തതിനാലും, മറ്റ് ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടുതലായതിനാലും എൽ.ഇ.ഡി ലാമ്പുകളെ ആശ്രയിക്കുന്നതിന് മുൻഗണന കൊടുക്കണം എന്ന നിർദ്ദേശമൊന്നും നഗരസഭ ചെവിക്കൊള്ളുന്നില്ല എന്നുള്ളത് തികച്ചും ആശാവഹകമായ കാര്യമല്ല.

പ്രാഥമികമായി സംയുക്ത പരിശോധന നടത്തുകയും തെരുവ് വിളക്കുകളുടെ എണ്ണം അവയുടെ ഇനം തിരിച്ച് രേഖയാക്കി മാറ്റുകയും ചെയ്യാതെ വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് വരുത്തുന്നതിന് സാധ്യമല്ല. അതിനുശേഷം അടിയന്തിരമായി മീറ്റർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്താൽ മാത്രമേ ചാർജ്ജിനത്തിലുള്ള വർദ്ധനവിനും തനത് ഫണ്ടിനത്തിലുണ്ടാകുന്ന അമിത ചെലവിനും പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ.

## 1-44 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല - അധികൃതരുടെ തികഞ്ഞ അനാസ്ഥ

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം നഗരസഭാ പ്രദേശത്ത് 484 പൊതുടാപ്പുകൾ ഉണ്ട്. ഒരു ടാപ്പിന് ഒരു വർഷത്തേക്ക് 7884/- രൂപ നിരക്കിൽ ആകെ 38,15,856/- രൂപ അടച്ചുകൊണ്ടിരിക്കുന്നു. ഒരു മാസം 3,17,988/- രൂപയുടെ ബാധ്യതയാണ് നിലവിൽ നഗരസഭയ്ക്കുള്ളത്. തനത് ഫണ്ടിൽ നിന്നും ഇത്രയും തുക ഇതിനായി മാറ്റിവെയ്ക്കാൻ സാധിക്കാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്ന് ഒടുക്കുകയാണ് ചെയ്തു വരുന്നത്.

2018-19 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ച് ജല അതോറിറ്റിയ്ക്ക് തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 135/2019 |
| പ്രോജക്ടിന്റെ പേര് | പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക |
| | |

| | |
|---|---|
| ഫണ്ടിനം | മെയിൻ്റനൻസ് ഫണ്ട് (റോഡിതരം) 18,00000 |
| ചെലവ് തുക | 1600000 |
| ബിൽനമ്പർ/ തീയതി | 53/18-19 തീ.18.01.19 |

പൊതു ടാപ്പുകൾ വഴിയുള്ള ജലവിതരണത്തിന് വലിയ തുകകൾ നഗരസഭ വർഷം തോറും ചെലവഴിക്കുന്നുണ്ട്. എന്നാൽ ജലവിതരണത്തിൻ്റെ കാര്യക്ഷമത പരിശോധിക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കുന്നതായ രേഖകൾ ഫയലിൽ ലഭ്യമല്ല.

നഗരസഭ തങ്ങളുടെ സ്ഥാപനത്തിൻ്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. ജല വിതരണവും ശുചിത്വവും എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിങ്ങ് ഗ്രൂപ്പുകളുടെ സഹായത്തോടെയാണ് ഈ പ്രവർത്തനം നടത്തേണ്ടത്.

ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുവെന്നത് ഉറപ്പുവരുത്തണം.അതിനായി ജലം ലഭ്യമാകുന്ന എല്ലാ പൊതു ടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയ പൊതുടാപ്പുകൾ സ്ഥാപിക്കാതെ ഗാർഹിക കണക്ഷനുകൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നത് നഗരസഭയുടെ ബാധ്യത കുറയ്ക്കുന്നതിന് സഹായകമാവും.

2018-19 സാമ്പത്തികവർഷം വെള്ളക്കര കുടിശ്ശിക ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച അലോട്ട്മെൻ്റിൻ്റെ സ്രോതസ്സിൽ നിന്നും വെള്ളക്കര കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 48/19.03.2020 ൽ നടത്തിയെങ്കിലും മറുപടി ലഭിച്ചില്ല. ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിനും വർദ്ധിച്ച ബാധ്യത ഒഴിവാക്കുന്നതിനും അധികൃതർ അടിയന്തിര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-45 ഗ്യാസ് ക്രിമറ്റോറിയം - അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയില്ല

നഗരസഭയുടെ പൊതു ശ്മശാനത്തിൻ്റെ ഭാഗമായ ഗ്യാസ് ക്രിമറ്റോറിയത്തിൻ്റെ പ്രവർത്തനം നിലച്ചിട്ട് രണ്ട് വർഷമായിട്ടും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. 03.03.2009 ൽ ആരംഭിച്ച പൊതു ശ്മശാനത്തിന് നിരവധി തവണ കേടുപാടുകൾ സംഭവിക്കുകയും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമാക്കുകയും ചെയ്തിരുന്നു. എന്നാൽ 14.02.2018 ൽ അവസാനമായി മൃതദേഹം സംസ്കരിച്ചതിനു ശേഷം ഗ്യാസ് ക്രിമറ്റോറിയത്തിൻ്റെ ചിമ്മിനി, മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ കേടുപാടുകൾ എന്നിവ കാരണം പ്രവർത്തനം നിർത്തിവച്ചു. ഫയൽ പരിശോധിച്ചതിൽ ക്രിമറ്റോറിയത്തിൻ്റെ അറ്റകുറ്റപ്പണിയുടെ കരാർ സിഡ്കോ ഏറ്റെടുക്കുകയും അവർ ഹൈ-ടെക്ക് ക്രിമേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സബ് കോൺട്രാക്ട് നല്കുകയും ചെയ്തിരുന്നതായി വ്യക്തമായി. എന്നാൽ ഈ സ്ഥാപനവുമായുള്ള സിഡ്കോയുടെ കരാർ നിലവിൽ റദ്ദായതിനാലാണ് അറ്റകുറ്റപ്പണികൾക്ക് കാലതാമസം വരുന്നതെന്നാണ് നഗരസഭാ അധികൃതർ അറിയിച്ചത്.

ഗ്യാസ് ക്രിമറ്റോറിയത്തിൻ്റേതായി ഹെൽത്ത് വിഭാഗം സൂക്ഷിക്കുന്ന ഫയലിൽ (H1-1531/09) മാവേലിക്കര നഗരസഭാ കൗൺസിലിൻ്റെ 27.05.16 - ൽ 12-ാം നമ്പർ തീരുമാനത്തിലൂടെ അംഗീകരിച്ച ബൈലോ, സർക്കാർ അംഗീകാരത്തിന് അയച്ചു നല്കുന്നതിനായി നഗരസഭാ സെക്രട്ടറിയുടെ H1-1531/09/20.06.16 നമ്പർ നടപടിക്രമ പ്രകാരം ആരോഗ്യ വിഭാഗം മേധാവി, ജനറൽ സൂപ്രണ്ട്, എച്ച്.ഐ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്യാസ് ക്രിമറ്റോറിയത്തിൻ്റെ പ്രവർത്തനം സംബന്ധിച്ച് നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രസ്തുത ബൈലോ അയച്ചതായോ അംഗീകാരം ലഭിച്ചതായോ ഉള്ള വിവരം പിന്നീട് നോട്ട് ഫയലിൽ ചേർത്തിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 572 (1) പ്രകാരം ഏതെങ്കിലും ബൈലോയോ, റഗുലേഷനോ, അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നല്കി സ്ഥിരീകരിക്കുന്നതു വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

നഗരസഭയുടെ ഗ്യാസ് ക്രിമറ്റോറിയത്തിൻ്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ഉത്തരവാദിത്തം എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. 2108-19 വർഷം ഗ്യാസ് ക്രിമറ്റോറിയത്തിൻ്റെ അറ്റകുറ്റപ്പണിയ്ക്കായി പ്രോജക്ട് വച്ചിരുന്നെങ്കിലും അത് നടപ്പായില്ല. ജനോപകാരപ്രദമാകേണ്ട പദ്ധതി നടപ്പിലായില്ല എന്നത് ഖേദകരമാണ്.

ഗ്യാസ് ക്രിമറ്റോറിയത്തിൻ്റെ നിലവിലെ അവസ്ഥയും ബൈലോയുടെ സർക്കാർ അംഗീകാരവും സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 06/13.02.2020ന് മറുപടി നല്കിയില്ല. ഗ്യാസ് ക്രിമറ്റോറിയത്തിൻ്റെ അറ്റകുറ്റപ്പണി അടിയന്തിരമായി നടപ്പാക്കുവാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ

ഉണ്ടാകേണ്ടതാണ്.

## 1-46 ഒരു കോടിയിൽപ്പരം രൂപയുടെ നീക്കിയിരുപ്പുമായി ഐ.ഡി.എസ്.എം.ടി അക്കൗണ്ട്

നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടത്തപ്പെടുന്ന ഐ.ഡി.എസ്.എം.ടി എന്ന പേരിൽ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന വിഹിതമായി 2003-04 മുതൽ 2006-07 വരെ ലഭിച്ച തുകയുടെ വിനിയോഗ ബാക്കി നാളിതുവരെ തിരികെ അടച്ചിട്ടില്ല.

31.03.2015 ൽ അവസാനിച്ച ഈ പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്ക് മാവേലിക്കര ശാഖയിലെ അക്കൗണ്ടിൽ (നം.40556101038125) 01.02.2020ലെ നീക്കിയിരിപ്പ് 1,12,44,269/- രൂപയാണ്. പലിശ ഉൾപ്പടെയുള്ള നീക്കിയിരിപ്പ തുക തിരികെ അടയ്ക്കണമെന്ന് സർക്കാരിൽ നിന്നും നിരവധി തവണ നിർദ്ദേശം ലഭിച്ചിട്ടും നഗരസഭ അത് പാലിച്ചിട്ടില്ല. നിഷ്ക്രിയമായി നിലനിർത്തിയിരിയ്ക്കുന്ന തുക തിരികെ സർക്കാരിലേക്ക് അടയ്ക്കുവാൻ നഗരസഭാ കൗൺസിൽ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-47 ഇടവിള കൃഷി - യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക തുക നല്കി

| | |
|---|---|
| പ്രോജക്ടിന്റെ നം./പേര് | 24/ഇടവിള കൃഷി |
| അടങ്കൽ | 596000 |
| ചെലവ് | 500000 |
| ബിൽ നം . | എ ) 01/16.11.2018 -300000/- രൂപ<br>ബി )07/19.12.2018- 100000/- രൂപ<br>സി)10/17.01.2019- 100000/- രൂപ |

കിഴങ്ങ് വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച നടപ്പാക്കിയ പദ്ധതിയിൽ ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവ അടങ്ങിയ ഒരു കിറ്റിന് 1000/- രൂപ നിരക്കിൽ വി.എഫ്.പി.സി.കെ യുടെ കായംകുളം ശാഖയിൽ നിന്നും 500 കിറ്റുകൾ വാങ്ങി. മൂന്നു തവണയായി വാങ്ങിയ ഉൽപ്പന്നങ്ങളുടെ വിലയായി 500000/-രൂപ വി.എഫ്.പി.സി.കെ-യ്ക്ക് നല്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

1. ജില്ലാ തല യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ കാർഷികോൽപ്പന്നങ്ങൾ വാങ്ങി .

ജില്ലാ ആസൂത്രണ സമിതിയുടെ 03.04.2018 ലെ ഉത്തരവ് നം.2895/2018/ഡിപിസി/ഡിപിഒ/എഎൽപി പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവൽസര പദ്ധതിയുടെ (2017-2022) ജില്ലാ തല യൂണിറ്റ് കോസ്റ്റിൽ ഓരോ ഇനത്തിന്റെയും വില ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ഇനം | ഒരു കിലോയുടെ വില |
|---|---|
| ചേന | 35/- |
| ഇഞ്ചി | 60/- |
| മഞ്ഞൾ | 35/- |
| ചേമ്പ് | 70/- |

ചേമ്പിന്റെ യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ള വിലയായ 70/- രൂപയാണ് എല്ലാ ഇൻവോയിസിലും ഉള്ളത്. എന്നാൽ ചേന, ഇഞ്ചി, മഞ്ഞൾ എന്നിവ യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക വില നല്കിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വി.എഫ്.പി.സി.കെയിൽ നിന്നും വാങ്ങിയിട്ടുള്ളത്. വിവരം പട്ടികയിൽ ചേർക്കുന്നു.

| ഇൻവോയിസ് നം/ തീയതി/ തുക | ഇനം | തൂക്കം/വില | വി.എഫ് . പി.സി.കെയ്ക്ക് നല്കിയ തുക | യൂണിറ്റ് കോസ്റ്റ് പ്രകാരം അനുവദനീയമായ തുക | അധികം നല്കിയത് |
|---|---|---|---|---|---|
| VFPCK/ALP/18-19/011/15.11.2018/300000<br>300 കിറ്റ് @ 1000/- | ചേന | 300കിലോ @50 | 15000 | 300കിലോ @35 = 10500 | 4500 |
| | ഇഞ്ചി | 600കിലോ @90 | 54000 | 600കിലോ @60 =36000 | 18000 |
| | മഞ്ഞൾ | 300കിലോ@50 | 15000 | 300കിലോ@35 =10500 | 4500 |
| VFPCK/ALP/18-19/025/ 30.11.2018<br>100 കിറ്റ് @ 1000/- | ചേന | 10കിലോ @50 | 500 | 10കിലോ@35 =350 | 150 |
| | മഞ്ഞൾ | 100കിലോ@50 | 5000 | 100കിലോ@35 =3500 | 1500 |
| ആകെ അധികം നല്കിയത് | | | | | 28650/- |

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായി ചെലവഴിച്ച 28650/- രൂപ വി.എഫ്.പി.സി.കെയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 28650/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ഈടാക്കാത്ത പക്ഷം അത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ് .

2. <u>വാങ്ങിയ ഇനങ്ങളുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല</u>

ഇൻവോയിസ് നം .VFPCK/ALP/18-19/037/ 10.01.2019 പ്രകരം 100 യൂണിറ്റിന് 1000/- രൂപ നിരക്കിൽ 100000/- രൂപ നല്കി. എന്നാൽ ഓരോ കിറ്റിലും (യൂണിറ്റിലും) അടങ്ങിയിരിയ്ക്കുന്ന കിഴങ്ങു വർഗ്ഗത്തിന്റെ ഇനം, തൂക്കം, ഓരോ ഇനത്തിന്റെയും വില എന്നിവ ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല. ഇവ ഗുണഭോക്താക്കൾക്ക് ഏത് അളവിലണ് നല്കിയതെന്നതിനും വ്യക്തതയില്ല. വിതരണം ചെയ്ത കാർഷിക ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്നും അവയുടെ തൂക്കവും വിലയും എത്രയെന്നും വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ചെലവായ 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 8/13.03.2020 മുഖേന മേൽ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിന്മേൽ വ്യക്തമായ അന്വേഷണം നടത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-48 ദേശീയ ചേരി വികസന പദ്ധതി അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ്

ചേരികളുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നഗരസഭകൾ മുഖേന നടപ്പാക്കിയ പദ്ധതിയാണ് ദേശീയ ചേരി വികസന പദ്ധതി. 1998ലെ ഉത്തരവ്വ പ്രകാരമുള്ള കുടിവെള്ള സൗകര്യം ഏർപ്പെടുത്തുക, തെരുവ്വ വിളക്ക് സ്ഥാപിയ്ക്കുക, പബ്ലിക്ക് ടോയ്‌ലറ്റുകൾ സ്ഥാപിയ്ക്കുക, പൊതു വഴികൾ നിർമ്മിയ്ക്കുക എന്നീ പ്രവർത്തനങ്ങൾ നഗരസഭകളിൽ നടപ്പാക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. പദ്ധതി നടപ്പാക്കുന്നതിനായി 1997-98 മുതൽ 2006-07 വരെയുള്ള കാലയളവിൽ മാവേലിക്കര നഗരസഭയ്ക്ക് 1,42,05,445 /- രൂപ ലഭിച്ചിരുന്നു. 2014-15 ൽ നിർത്തലാക്കിയ ഈ പദ്ധതിയുടെ അക്കൗണ്ടിൽ ഓഡിറ്റ് കാലയളവിൽ (03/2020) 40,92,159/- രൂപ നീക്കിയിരിപ്പുണ്ട്.

അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ചെലവഴിയ്ക്കുവാൻ സ.ഉ (സാധാ).419/2015/ത.സ്വ.ഭ.വ/10.02.2015 നമ്പർ ഉത്തരവ്വ പ്രകാരം നിർദ്ദേശം ലഭിച്ചുവെങ്കിലും 1998 ലെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തികൾ നടപ്പാക്കുവാൻ തുക പര്യാപ്തമല്ലാത്തതിനാൽ തുക വർദ്ധിപ്പിച്ച് നല്കണമെന്ന കാണിച്ച് സർക്കാരിലേക്ക് നഗരസഭാ കൗൺസിലിന്റെ

23.06.2015 ലെ 9-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കത്ത് അയച്ചിരുന്നുവെങ്കിലും മറുപടിയോ തുടർ നിർദ്ദേശമോ ലഭിച്ചില്ല.

അക്കൗണ്ടിലെ നീക്കിയിരുപ്പ് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.10/13.03.2020ന്, 29.08.2019 ലെ ബഹു.നിയമസഭാ സമിതിയുടെ (സമാഹൃത ഓഡിറ്റ്) തെളിവെടുപ്പിൽ എൻ.എസ്.ഡി.പി തുക വിനിയോഗിയ്ക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന് മറുപടി നല്കി. ജനകീയാസൂത്രണ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുവാൻ അനുമതി ലഭിച്ചാൽ തുക വിനിയോഗിയ്ക്കുന്നതാണെന്ന് ബഹു.നിയമസഭാ സമിതിയെ, നഗരസഭ അറിയിച്ചിട്ടുണ്ടെന്നും വിശദ വിവരം ഉൾപ്പെടുത്തി കത്ത് നല്കുവാനുള്ള സമിതിയുടെ നിർദ്ദേശത്തെ തുടർന്ന് 20.09.2019 ൽ കത്തയച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള നിർദ്ദേശം പാലിയ്ക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-49 മുനിസിപ്പൽ പെൻഷൻ ഫണ്ട് - കമ്മിറ്റി തീരുമാനമെടുത്ത ശേഷവും അക്കൗണ്ട് ആരംഭിച്ചിട്ടില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത്-കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യം അനുവദിയ്ക്കുന്നതിനായി മുനിസിപ്പൽ സെക്രട്ടറി ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള തുക ഈ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതുമാണ്. പെൻഷൻ വിതരണത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഈ തുക ഉപയോഗിയ്ക്കുവാൻ പാടില്ലാത്തതുമാണ്.

2018-19ൽ പെൻഷൻ അലോട്ട്മെന്റായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 20,44,948/- രൂപ ലഭിച്ചിട്ടുണ്ട് . ഈ തുക തനതു ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. മുനിസിപ്പൽ കൗൺസിലിന്റെ 22.01.2019 ലെ ll-ാം നമ്പർ തീരുമാന പ്രകാരം എസ്.ബി.ഐ യുടെ മാവേലിക്കര ശാഖയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനായി അക്കൗണ്ട് ആരംഭിയ്ക്കുവാൻ തീരുമാനമെടുത്തുവെങ്കിലും ആരംഭിച്ചിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 5/13.03.2020 ന് ഉള്ള മറുപടിയിൽ വ്യക്തമാക്കിയിരിയ്ക്കുന്നത്.

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം അടയ്ക്കുവാനും പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അവർക്കുള്ള പെൻഷൻ തുകയും തനതു ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. ഇത് തനതു ഫണ്ടിന് വലിയ ബാദ്ധ്യത ഉണ്ടാക്കുന്നു. പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനും തനതു ഫണ്ടിനുണ്ടാകുന്ന അധിക ബാദ്ധ്യത ഒഴിവാക്കുന്നതിനുമായി നഗരസഭാ തീരുമാനത്തിനനുസൃതമായി മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-50 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

മാവേലിക്കര നഗരസഭ പരിധിയിൽ 28 അംഗൻവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 5 എണ്ണം സ്വന്തം കെട്ടിടത്തിലും 21 എണ്ണം വാടകകെട്ടിടത്തിലും, 2 എണ്ണം വാടകയില്ലാത്ത കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം - 28 അംഗൻവാടികൾക്കും കുടിവെള്ളം ലഭ്യമാണ്.

ടോയ്ലെറ്റ്- 28 അംഗൻവാടികൾക്കും ടോയ്ലെറ്റ് സൗകര്യം ഉണ്ട്. ബേബി ഫ്രണ്ട്‌ലി ടോയ്ലെറ്റ് സൗകര്യം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 124-ാം നമ്പർ അംഗൻവാടിയിൽ മാത്രമേയുള്ളൂ.

വൈദ്യുതി- എല്ലാ കെട്ടിടങ്ങളിലും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- സ്വന്തമായി കെട്ടിടമുള്ള 1 അംഗൻവാടിക്ക് ചുറ്റുമതിൽ ഉണ്ട്. ബാക്കിയുള്ളവ ഷീറ്റ് ഉപയോഗിച്ച് വേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം - എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കു വാനുള്ള സംഭരണപ്പെട്ടിയുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അംഗൻവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19 വർഷം എല്ലാ അംഗൻവാടികൾക്കും ലഭിച്ചിട്ടുണ്ട്.

പ്രവേശനോത്സവം - എല്ലാ വർഷവും ജൂൺ ഒന്നിനും നവംബർ ഒന്നിനും (രണ്ട് തവണ) അംഗൻവാടികളിൽ ആഘോഷപൂർവ്വം പ്രവേശനോത്സവം നടത്താറുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 21 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അംഗൻവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-51 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടു്-അപാകത

**പ്രോജക്ട് നം. S0045/19**

പ്രോജക്ടിന്റെ പേര്- അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ)

വികസനഫണ്ട് -11,00,000/-

ചെലവ് -11,00,000/-

**ബിൽ നം. 01/18-19 .30.08.18 ,355692/-**

അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം (ജനറൽ) പ്രോജക്ടിന് നാച്ചറൽ അമൃതം ഫുഡ് പ്രോഡക്സ്, കുമാരപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിന് ജി എസ് റ്റി രജിസ്ട്രേഷൻ ഉള്ളതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും സ്ഥാപനം ഹാജരാക്കിയ ഒരു കാഷ്ബില്ലിൽ (Bill No-366/20/04/18) ജി എസ് റ്റി തുക കൂടി ഉൾപ്പെടുത്തുകയും അതനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | ബില്ലിന്റെ വിവരങ്ങൾ | ജി.എസ്.റ്റി ഇനത്തിൽ ചെലവഴിച്ച തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| അങ്കണവാടി അനുപൂരകപോഷകാഹാരം (ജനറൽ ) (S0045/19) | 366/20/04/18 | 2715/- | 1/19snp(G)/30.8.18-54314/- |

ജി എസ് റ്റി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ജി എസ്റ്റ് ടി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-45) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ GST ഇനത്തിൽ ചെലവഴിച്ച 2715/- രൂപ തിരികെ ഈടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-52 പി.എം.എ.വൈ/ലൈഫ് പദ്ധതി - അവലോകനം

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. മാവേലിക്കര നഗരസഭയിൽ മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്ന പി.എം.എ.വൈ ഭവന പദ്ധതിയെ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് 2018-19 വർഷം ലൈഫ് പദ്ധതി നടപ്പാക്കിയത്. ജനറൽ വിഭാഗത്തിനും എസ്.സി വിഭാഗത്തിനുമായി പ്രത്യേകമായി പ്രോജക്ടുകൾ ഈ പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പാക്കി.

1. ലൈഫ് പദ്ധതിയ്ക്കായി 2018-19ൽ ആകെ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട്

| പ്ലാൻ ഫണ്ട് | സ്പിൽ ഓവർ തുക | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | ഹഡ്കോ വായ്പ | ആകെ | ചെലവഴിച്ചത് |
|---|---|---|---|---|---|---|
| 13058396 | 1170000 | 1590000 | 4770000 | 9160000 | 29748396 | 28087000 |

2. 2018-19 ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

പദ്ധതിയ്ക്കായി കരാർ വച്ചവരുടെ എണ്ണം- 70

ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ- 70

ജനറൽ, എസ്.സി വിഭാഗങ്ങളിലായി പൂർത്തീകരിച്ചവയുടെ എണ്ണം- 44

<u>ഭാഗികമായി മാത്രം പൂർത്തിയാക്കിയവരെ സംബന്ധിച്ച വിവരം</u>

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | നൽകിയിട്ടുള്ള തുക | സ്വീകരിച്ചിട്ടുള്ള നടപടി |
|---|---|---|---|---|
| 1 | രാധാമണി | ജനറൽ | 360000 | പണി പൂർത്തീകരിച്ച് തുക കൈപ്പറ്റുന്നതിന് അറിയിപ്പ് നല്കിയിട്ടുണ്ട്. |
| 2 | ഭാർഗ്ഗവി | ജനറൽ | 360000 | |
| 3 | പ്രിയ സുനിൽ | ജനറൽ | 360000 | |
| 4 | ശാന്തമ്മ.എ.പി | ജനറൽ | 360000 | |
| 5 | പ്രജിത.എ.പി | ജനറൽ | 360000 | |
| 6 | സിന്ധു വിജയകുമാർ | ജനറൽ | 360000 | |
| 7 | രമാ ഗിരീഷ് | ജനറൽ | 360000 | |
| 8 | ചിന്നമ്മ ഐസക്ക് | ജനറൽ | 360000 | |
| 9 | പ്രമീള | ജനറൽ | 360000 | |
| 10 | സുധാ രഘുനാഥ് | ജനറൽ | 360000 | |
| 11 | വിജയകുമാർ | ജനറൽ | 190000 | |
| 12 | പൊന്നമ്മ സദാനന്ദൻ | ജനറൽ | 200000 | |
| 13 | ബിൻസി കോശി | ജനറൽ | 190000 | |
| 14 | രജനി | പട്ടിക ജാതി | 200000 | |
| 15 | രമ്യ കൃഷ്ണൻ | പട്ടിക ജാതി | 200000 | |
| 16 | വത്സലാ വിജയൻ | പട്ടിക ജാതി | 200000 | |
| 17 | സുജാത | പട്ടിക ജാതി | 360000 | |
| 18 | രമണി | പട്ടിക ജാതി | 360000 | |
| 19 | ശാന്തമ്മ | പട്ടിക | 360000 | |

| | | | | |
|---|---|---|---|---|
| | | ജാതി | | |
| 20 | സുഭദ്രാ രാജൻ | പട്ടിക ജാതി | 360000 | |
| 21 | സജിനി | പട്ടിക ജാതി | 360000 | |
| 22 | തുളസി | പട്ടിക ജാതി | 360000 | |

<u>ഭവന നിർമ്മാണം തുടങ്ങാത്തവരെ സംബന്ധിച്ച വിവരം</u>

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | നൽകിയിട്ടുള്ള തുക | സ്വീകരിച്ചിട്ടുള്ള നടപടി |
|---|---|---|---|---|
| 1 | സാവിത്രി | പട്ടിക ജാതി | 40000 | ഗുണഭോക്തൃ സംഗമം വിളിച്ച് പണി പൂർത്തീകരിയ്ക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട് |
| 2 | സജിത | പട്ടിക ജാതി | 40000 | |
| 3 | പ്രഭ | പട്ടിക ജാതി | 30000 | |
| 4 | ഓമന | പട്ടിക ജാതി | 40000 | |

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുവാനുള്ളവർക്ക് അർഹമായ എല്ലാ സഹായങ്ങളും ചെയ്ത് പദ്ധതി ലക്ഷ്യം കൈവരിയ്ക്കേണ്ടതാണ്.

## 1-53 പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തികൾക്ക് പിഴ ഈടാക്കിയില്ല - നഷ്ടം-3192/-രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം മാവേലിക്കര നഗരസഭയിൽ നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ, കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകാതിരിക്കുകയും, എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ ടി പ്രവർത്തിക്ക് 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2116.1 അനുശാസിക്കും പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല എന്ന് കണ്ടു. ടി സെക്ഷൻ പ്രകാരം,കരാർ ഉടമ്പടി പ്രകാരമുള്ള നിശ്ചിത തീയതിക്കകം പ്രവർത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത സംഗതികളിൽ, കരാറുകാർ പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയർ മുഖേന അപേക്ഷ നൽകാത്ത പക്ഷം,പ്രവർത്തി പൂർത്തീകരണത്തിനായി അനധികൃതമായി എടുക്കുന്ന ഓരോ ആഴ്ചയ്ക്കും, കരാർ തുകയുടെ 0.1% (പരമാവധി കരാർ തുകയുടെ 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ വിവരങ്ങൾ | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി/ പൂർത്തീകരിച്ച തീയതി | അധികം എടുത്ത ദിവസങ്ങൾ/ ആഴ്ചകൾ | ഈടാക്കേണ്ട പിഴ. ഓരോ ആഴ്ചയ്ക്കും 1% നിരക്കിൽ | ഈടാക്കിയത് | ബാക്കി ഈടാക്കാനുള്ളത് |
|---|---|---|---|---|---|---|
| 1. | പ്രൊജക്റ്റ് നം. 109/18)-26-ാം വാർഡിൽ മുത്താരമ്മൻ കോവിൽ | 03-03-2018/ 03-04-2018 | 32 ദിവസങ്ങൾ/ 5 ആഴ്ചകൾ | 1545 | 0 | 1545 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് റീ- ടാറിംഗ്.)<br><br>അടങ്കൽ - 309000/-<br><br>ആകെ മൂല്യം-256567/-(5.99% ടെണ്ടർ ഡിഡക്ഷന് ശേഷം)<br><br>കരാറുകാരൻ-ഗോപിനാഥൻപിള്ള കരാർനം./ തീയതി-1)37/ME/LSGD/Mvka/Mlty/2017-18dt.04-12-2017.<br><br>കരാർ തുക-309000/-<br><br>പൂർത്തീകരണ കാലാവധി-3 മാസം (TS,ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ്(e-GP), തുടങ്ങിയവ പ്രകാരം. കരാർ രജിസ്റ്ററിൽ പ്രവർത്തിയുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ള 21-ാം പേജിൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല)<br><br>MB.No.77/17-18,<br><br>ഫൈനൽ ബിൽ നം, തീയതി,തുക-12/18-19, 29/06/2018, 256568/- | | | | | |
| 2. | 26-ാം വാർഡിൽ കാളച്ചന്ത - വേങ്ങാട്ട് റോഡ് റീ- ടാറിംഗ്. പ്രൊജക്റ്റ് നം.<br><br>90/18)<br><br>അടങ്കൽ - 360000/-<br><br>ആകെ മൂല്യം-321615/-(5.99%ടെണ്ടർ ഡിഡക്ഷന് ശേഷം)<br><br>കരാറുകാരൻ-ഗോപിനാഥൻപിള്ള. കരാർനം./ തീയതി-1)35/ME/LSGD/Mvka/Mlty/2017-18dt.04-12-2017.<br><br>കരാർ തുക-329453/-<br><br>പൂർത്തീകരണ കാലാവധി-3 മാസം ( AS പ്രകാരം. കരാർ രജിസ്റ്ററിൽ കരാർ കാലാവധി രേഖപ്പെടുത്തിയിട്ടില്ല )<br><br>MB.No.78/17-18,<br><br>ഫൈനൽ ബിൽ നം, തീയതി,തുക-10/18-19, 29/06/2018, 321615/- | 03-03-18/<br>03-04-18 | 32 ദിവസങ്ങൾ/5ആഴ്ച | 1647 | 0 | 1647 |
| | ആകെ | | | | | 3192 |

പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കരാറുകാരൻ അപേക്ഷ നൽകിയതിന് രേഖകളില്ല. കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെ തുക അനുവദിച്ചതിനും, ദീർഘീകരണത്തിനുള്ള അപേക്ഷ വാങ്ങാതെ പ്രവർത്തി പൂർത്തീകരിക്കാനനുവദിച്ചതിനും മറുപടി

ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-12/16-03-2020)മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കാതിരുന്നതു മൂലം അധികം നൽകിയ 3192/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-54 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് കൗൺസിൽ അംഗീകരിച്ചതായി കാണുന്നില്ല. കൂടാതെ കരാറുകാരൻ പുതുക്കിയ കാലാവധിയ്ക്കനുസൃതമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 52/ME/LSGD/MVKA/MLTY2017-18/ dt: 19.12.2017<br>ശ്രീ.എൻ.വിജയരാജൻ<br>08/2018-19<br>പ്രോ. നം. 69/18<br>സ്പിൽ ഓവർ പ്രോ.നം. 220/19<br>(പെരിങ്ങാട്ടുമ്പള്ളി നരസിംഹ സ്വാമി ക്ഷേത്രം റോഡ് റീ ടാറിംഗ് & റോഡ് റീ കോൺക്രീറ്റിംഗ്)<br>പ്രവൃത്തിമൂല്യം-296841/- രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 30/18-19/22.11.2018<br>(ഫൈനൽ ബിൽ)<br>എഗ്രീഡ് പി.എ.സി- 3,12,309/- | 3 മാസം.<br>(18.03.2018) | 24.09.2018 | 0 | 9369/-<br>(1%+2%) |

| | | | | | |
|---|---|---|---|---|---|
| 2 | 82/ME/LSGD/MVKA/MLTY/2017-18/ dt: 09.03.2018<br>ശ്രീ.വി.ഗോപിനാഥൻപിള്ള<br>09/2018-19<br>പ്രോ.നം. 119/18<br>സ്പിൽ ഓവർ പ്രോനം. 226/19(കോട്ടൂർതാഴെ റോഡ് റീടാറിംഗ് (എസ്.,സി.പി)<br>പ്രവൃത്തിമൂല്യം- 460922/-രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽനം. 31/18-19/ തീയതി:22.11.2018<br>എഗ്രീഡ് പി.എ.സി- 461168/- | 3 മാസം<br>(08.06.2018) | 18.09.2018 | 0 | 13835/-<br>(1%+2%) |
| 3 | 81/ME/LSGD/MVKA/MLTY2017-18/ dt: 22.03.2018<br>ശ്രീ. പ്രശാന്ത് കുമാർ<br>06/2018-19<br>പ്രോ. നം. 256/18<br>സ്പിൽ ഓവർ പ്രോ.നം. 230/19<br>(നഗരസഭാ പാർക്കിൽ പബ്ലിക്ക് ടോയ്‌ലെറ്റ് നിർമ്മാണം)<br>പ്രവൃത്തിമൂല്യം-409339/- രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 72/18-19/27.03.2019<br>(ഫൈനൽ ബിൽ)<br>എഗ്രീഡ് പി.എ.സി- 4,67,241/- | 4 മാസം.<br>(21.07.2018)<br>(T.S. Slip-ൽ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ അംഗീകരിച്ചത്) | 20.03.2019 | 0 | 14017/-<br>(1%+2%) |
| | | | | ആകെ | 37,221/- |

കരാറുകാരുടെ അപേക്ഷ അംഗീകരിച്ച് കൊണ്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഫയൽകുറിപ്പുകളിൽ അതിശക്തമായ കാലവർഷമാണ് കാരണമായി കാണിച്ചിട്ടുള്ളത്. എന്നാൽ കാലവർഷത്തിന് മുൻപേ തീരുന്ന രീതിയാലായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നിർണ്ണയിച്ചിട്ടുള്ളത്.

മേൽ അപാകതകളിന്മേലുള്ള ഓഡിറ്റന്വേഷണത്തിന് (നം.51 /തീയതി. 19.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് മുനിസിപ്പൽ എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

## 1-55 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ

# നിന്നും പിഴ ഈടാക്കിയില്ല

യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും കേരള പൊതു മരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 അനുശാസിക്കും പ്രകാരം ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാറിലേർപ്പെടാനാവശ്യപ്പെട്ട് കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാത്ത പക്ഷം 1% പിഴയോടെ (മിനിമം 1000/- രൂപ; മാക്സിമം 25000/- രൂപ) തുടർന്നുള്ള പത്തു ദിവസത്തിനുള്ളിൽ കരാറിലേർപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ ഇപ്രകാരം പൊതു മരാമത്ത് മാന്വലിലെ മേൽ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | കരാറുകാരൻ/ കരാർ നം./ തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| തിരുവാലീൽ റോഡ് റീകോൺക്രീറ്റിംഗ് & റീടാറിംഗ്<br>പ്രോ നം.69/19<br>പ്രവൃത്തി മൂല്യം- 238777/-<br>MB-51/2018-19<br>ബിൽ നം. 62/21.03.19 | 17.10.2018/ 03.11.2018 | ശ്രീ. വി. ഗോപിനാഥൻ പിള്ള<br>54/ME/LSGD/MVKA/MLTY/2018-19/ 19.11.2018 | 275051 | 2751/- |

യഥാസമയം കരാറിലേർപ്പെടാതിരുന്ന പ്രസ്തുത കരാറുകാരനിൽ നിന്നും മാന്വലിലെ വ്യവസ്ഥ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (18/16.03.2020) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ 14 പ്രവൃത്തി ദിവസം കഴിഞ്ഞ് 19-ാം തീയതിയാണ് കരാറിലേർപ്പെട്ടതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിലേർപ്പെടണം എന്ന് സുവ്യക്തമായി തന്നെ മാന്വലിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. പിഴ തുകയായ 2751/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-56 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല

നഗരസഭ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില മുനിസിപ്പൽ എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് (ട്രഷറി അക്കൌണ്ട് നം.707041400000001) ക്രെഡിറ്റ് ചെയ്തതായി കാണുന്നത്. ഇത് ക്രമപ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ബിറ്റുമിൻ ബാരൽ വില ഇനത്തിലുള്ള തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-57 ജി എസ്സ് ടി കോമ്പൻസേഷൻ അനുവദിച്ചത് -

# തടസ്സപ്പെടുത്തുന്നു

01-11-2017 ലെ സ.ഉ (അച്ചടി) നം.87/2017 തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്ന മരാമത്ത് പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം ബിറ്റുമിന് 18% ആണ് ജി എസ്സ് ടി നിശ്ചയിച്ചിരുന്നത്. കേന്ദ്ര സർക്കാരിന്റെ ജി എസ്സ് ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവർത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ ഡിഎസ്സ്ആർ പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കോൺട്രാക്ടർ നേരിട്ട് ടാർ നൽകി നിർവ്വഹിക്കുന്ന റോഡ് ടാറിംഗ് പ്രവർത്തികളിൽ കോസ്റ്റ് ഇൻഡക്സ് പരിഗണിക്കാതെ, ബിറ്റുമിന്റെ വില പരിഗണിച്ച് 3% കോമ്പൻസേഷൻ അനുവദിക്കാവുന്നതാണ്. കരാറുകാരൻ, ബിറ്റുമിൻ വാങ്ങിയ സന്ദർഭത്തിൽ 18% നിരക്കിൽ ജി എസ്സ് ടി നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമാണ് ഇപ്രകാരം കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ടാറിംഗ് പ്രവർത്തികൾക്ക് ഇപ്രകാരം കോമ്പൻസേഷൻ നൽകിയിട്ടുണ്ടെങ്കിലും, ടാർ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രവർത്തി വിവരങ്ങൾ | ആകെ മൂല്യം | 3% നിരക്കിൽ അനുവദിച്ച കോമ്പൻസേഷൻ |
|---|---|---|---|
| 1. | കിണറുവിള – തെക്കേവിള റോഡ് റീ-ടാറിംഗ്(SO100/19)<br>കരാറുകാരൻ - ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 345807/-<br>എം ബുക്ക് നം.-48/2018-19,<br>ചെലവ് വിവരം - 61/18-19,തീയതി-21-03-19, 334146/-രൂപ. | ആകെ മൂല്യം - 324414/- | 9732/- |
| 2. | ജിവിആർ റോഡ് ബാക്കി ഭാഗം, കെഎസ്സ്ആർടിസി ലിങ്ക് റോഡ്,അംഗനവാടി റോഡ് റീ-ടാറിംഗ്(SO072/19)<br>കരാറുകാരൻ - ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 400000/-<br>എം ബുക്ക് നം.-45/2018-19,<br>ചെലവ് വിവരം - 58/18-19,തീയതി-21-03-19, 361364/-രൂപ. | ആകെ മൂല്യം - 350839/- | 10525 |
| 3. | എൻസിസി റോഡ് റീ-ടാറിംഗ്(SO122/19)<br>കരാറുകാരൻ - ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 276758/-<br>എം ബുക്ക് നം.-35/2018-19,<br>ചെലവ് വിവരം - 50/18-19,തീയതി-16-01-19, 276758/-രൂപ. | ആകെ മൂല്യം - 268697/- | 8061 |
| 4. | കുറ്റിയറ റോഡ് റീ-ടാറിംഗ്(SO036/19)<br>കരാറുകാരൻ - ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 463277/-<br>എം ബുക്ക് നം.-38/2018-19, | ആകെ മൂല്യം - 443384/- | 13301 |

| | | | |
|---|---|---|---|
| | ചെലവ് വിവരം - 48/18-19,തീയതി-16-01-19, 456681/-രൂപ. | | |
| 5. | കൊറ്റാർകാവ് - ബിഎസ്സ്എൻഎൽ റോഡ് റീ-ടാറിംഗ്(SO124/19)<br>കരാറുകാരൻ - ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 260000/-<br>എം ബുക്ക് നം.-36/2018-19,<br>ചെലവ് വിവരം - 49/18-19,തീയതി-16-01-19, 256156/-രൂപ. | ആകെ മൂല്യം - 248695/- | 7461 |
| 6 | നമ്പൂതിരി മഠം പടിഞ്ഞാറ് വശം- അമ്മുഭവനം റോഡ്റീടാറിംഗ്- വാർഡ്-23(84/19)<br>കരാറുകാരൻ -ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 181000/-<br>എം ബുക്ക് നം.-46/2018-19,<br>ചെലവ് വിവരം - 57/18-19,തീയതി-21-03-19, 177570/-രൂപ. | ആകെ മൂല്യം - 172398/- | 5172 |
| 7 | നമ്പൂതിരി മഠം റോഡിന് കിഴക്ക് വശം- വിജയാസ്റ്റോഴ്സ് ജംഗ്ഷൻ വരെ റോഡ്റീടാറിംഗ്- വാർഡ്-23(81/19)<br>കരാറുകാരൻ -ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 157000/-<br>എം ബുക്ക് നം.-47/2018-19,<br>ചെലവ് വിവരം - 64/18-19,തീയതി-21-03-19, 135399/-രൂപ. | ആകെ മൂല്യം - 131455/- | 3944 |
| 8 | എം.കെ.വി-കൊയ്പ്പള്ളിൽ റോഡ് റീടാറിംഗ്-വാർഡ് 9( 31/19)<br>കരാറുകാരൻ -ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 420000/-<br>എം ബുക്ക് നം.-37/2018-19,<br>ചെലവ് വിവരം - 47/18-19,തീയതി-16-01-19, 419942/-രൂപ. | ആകെ മൂല്യം - 407711/- | 12231 |
| 9 | തിരുവാലിൽ റോഡ് റീകോൺക്രീറ്റിംഗ് & റീടാറിംഗ്( 69/19)<br>കരാറുകാരൻ -ഗോപിനാഥൻ പിള്ള,<br>അടങ്കൽ- 285000/-<br>എം ബുക്ക് നം.-51/2018-19, | ആകെ മൂല്യം - 231822/- | 6955 |

| | | | |
|---|---|---|---|
| | ചെലവ് വിവരം - 62/18-19,തീയതി-21-03-19, 238777/-രൂപ. | | |
| 10 | കൊച്ചിക്കൽ-കൊച്ചയ്യത്ത് റോഡ് റീടാറിംഗ് വാർഡ്-26( 77/19)<br>കരാറുകാരൻ -വിജയരാജൻ,<br>അടങ്കൽ- 445000/-<br>എം ബുക്ക് നം.-41/2018-19,<br>ചെലവ് വിവരം - 60/18-19,തീയതി-21-03-19, 419287/-രൂപ. | ആകെ മൂല്യം - 407075/- | 12212 |
| | ആകെ | | 89594/- |

മേൽ പ്രവർത്തികളുമായി ബന്ധപ്പെട്ട് ടാർ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്( ഓഡിറ്റ് എൻക്വയറി-16 / 16-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 89594/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-58 ടാറിംഗ് പ്രവർത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് സംബന്ധിച്ച്-

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തീയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. മാവേലിക്കര നഗരസഭയിൽ 2018-19 വർഷത്തിൽ നടപ്പിലാക്കിയ ടാറിംഗ്, റീ-ടാറിംഗ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ നാമമാത്രമായവയിൽ മാത്രമാണ് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് കണ്ടു. സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം. നിർദ്ദിഷ്ട അളവിൽ 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-59 ടെണ്ടർ ഡിഡക്ഷൻ തെറ്റായി കുറവ് ചെയ്ത് അധികം തുക നൽകി-നഷ്ടം-1067/-രൂപ.

7-ാം വാർഡിൽ മുണ്ട് പാലം - പൂമാത്ര റോഡ് റീ- ടാറിംഗ് (പ്രൊജക്റ്റ് നം. എസ്സ്.ഒ –018/19) എന്ന പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 344761/-രൂപയായിരുന്നു. പ്രവർത്തി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ, താഴെ ചേർക്കുന്ന രണ്ട് ടെണ്ടറുകളായിരുന്നു ലഭിച്ചത്.

| കരാറുകാരന്റെ പേര് | ഇ-ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത നിരക്ക് |
|---|---|
| സുരേഷ്ബാബു.ഡി. | 6.3% കുറഞ്ഞ നിരക്ക്. |
| ഗോപിനാഥപിള്ള. | 5.99.% കുറഞ്ഞ നിരക്ക്. |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സുരേഷ്ബാബു.ഡി. എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് പ്രവർത്തി നിർവ്വഹിച്ചു. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ കുറഞ്ഞ നിരക്കായ 6.3% കുറവ് ചെയ്ത് തുക നൽകുന്നതിന് പകരം ബില്ലിൽ നിന്നും 5.99% മാത്രം കുറവ് ചെയ്ത് തുക നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടമുണ്ടായി.

<u>നൽകാവുന്ന തുക -</u>

ആകെ പ്രവർത്തി മൂല്യം = 344231.00

(-) 6.3% കുറവ് - = 21686.00

322545.00

നൽകിയ തുക -

ആകെ പ്രവർത്തി മൂല്യം = 344231.00

(-) 5.99% കുറവ് = 20619.00

= 323612.00

അധികം നൽകിയത് = 323612 - 322545 = 1067/-

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-13/16-03-2020)മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 1067/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ

അടങ്കൽ - 344761/-

ആകെ മൂല്യം-344231/-

കരാറുകാരൻ-സുരേഷ് ബാബു.ഡി (6.3% കുറഞ്ഞ നിരക്ക്)

കരാർ നം./തീയതി-1)49/ME/LSGD/Mvka/Mlty/2017-18 dt.14-12-2017.

കരാർ തുക-344760/-

പൂർത്തീകരണ കാലാവധി-3 മാസം (TS,ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ്(e-GP), തുടങ്ങിയവ പ്രകാരം)

MB.No.79/17-18,

ഫൈനൽ ബിൽ നം, തീയതി,തുക- 13/18-19, 29/06/2018, 323612/-

## 1-60 കോട്ടാത്തോട് നവീകരണം- ഒന്നാംഘട്ടം-പൂർത്തീകരണ കാലാവധി അനർഹമായി നീട്ടി നൽകി - 7533/- രൂപ അധികം നൽകി-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ കോട്ടാത്തോട് നവീകരണം- ഒന്നാംഘട്ടം എന്ന മരാമത്ത് പ്രവർത്തിയുടെ കരാർ കാലാവധി 4 മാസം ആയിരുന്നു. അത് പ്രകാരം 04-04-18 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവർത്തി പൂർത്തീകരിച്ചത് 17-05-2018 ൽ മാത്രമാണ്. കാലാവധി പൂർത്തിയാകുന്നതിന് 3 ദിവസം മുൻപ്, 31-03-18 ൽ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി വെള്ള പേപ്പറിൽ നൽകിയ ഒരു അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടി അപേക്ഷയിൽ കരാറുകാരൻ ഒപ്പു പോലും രേഖപ്പെടുത്തിയിട്ടില്ല. കാലവർഷം അതിശക്തമായ രീതിയിൽ തുടരുന്നതിനാൽ ബാക്കി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി പ്രവർത്തി കാലാവധി 04-08-2018 വരെ നീട്ടി നൽകുക എന്ന് നോട്ട് ഫയലിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. (ജി.ഒ.(പി) 13/2012/പി.ഡബ്ല്യൂ.ഡി/01-02-2012 നമ്പർ ഉത്തരവ്) 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112 പ്രകാരം പ്രവർത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് പരമാവധി അനുവദിക്കാവുന്ന സമയപരിധി പ്രവൃത്തിപൂർത്തീകരണ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടില്ല. ആയത് പ്രകാരം ആകെ 4 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പ്രവർത്തിക്ക് പരമാവധി അനുവദിക്കാവുന്ന എക്സ്റ്റൻഷൻ കാലാവധി 2 മാസം മാത്രമാണ്. എന്നാൽ ടി പ്രവർത്തിക്ക് കരാർ പ്രകാരം പ്രവർത്തി പൂർത്തീകരണത്തിന് അനുവദിച്ച 4 മാസം തന്നെ എക്സ്റ്റൻഷന് വേണ്ടിയും അനുവദിച്ചു നൽകി. ആയത് മേൽ ചട്ടങ്ങളുടെ ലംഘനമാണ്.

2. കരാറുകാരന്റെ അപേക്ഷയിൻമേൽ ഒരേ സമയം പരമാവധി അനുവദിക്കാവുന്ന പൂർത്തീകരണ കാലാവധി ആകെ സമയത്തിന്റെ 25% മാത്രമാണ്. അത് പ്രകാരം ടി പ്രവർത്തിക്ക് ആദ്യതവണ അനുവദിക്കാവുന്ന എക്സ്റ്റൻഷൻ 1 മാസം (03/05/2018 വരെ ) മാത്രമാണ്. എന്നാൽ ടി ചട്ടങ്ങൾക്ക വിരുദ്ധമായി ആദ്യതവണ തന്നെ എക്സ്റ്റൻഷൻ കാലാവധി 4 മാസത്തേക്ക് ദീർഘിപ്പിച്ച നൽകി. 03/05/2018 ന് ശേഷം പ്രവർത്തി പൂർത്തീകരണത്തിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല.
3. പ്രവർത്തി പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിച്ച നൽകിയതിന് കൗൺസിൽ തീരുമാനം എടുത്തതായി കാണുന്നില്ല.
4. ടി പ്രവർത്തിയുടെ ഒരു പ്രധാന ഇനം, തോട് വൃത്തിയാക്കി തറ കോൺക്രീറ്റ് ചെയ്ത് വെള്ളം ഒഴുകുന്ന രീതിയിൽ ആക്കുക എന്നതായിരുന്നു. ഇതിന്റെ ഭാഗമായി തോട്ടിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യുന്നതിന് വേണ്ടി വെള്ളം ബെയിലിംഗ് ഔട്ട് ചെയ്യുന്ന പ്രവർത്തി, ഏപ്രിൽ മാസം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതൊഴികെ, ബാക്കിയെല്ലാം നിർവ്വഹിച്ചിട്ടുള്ളത് മാർച്ച് മാസത്തിനുള്ളിൽ തന്നെയാണ്. അതിശക്തമായ മഴ മൂലം പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലായെന്നാണ് ടൈം എക്സ്റ്റൻഷന് കാരണമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മഹാപ്രളയം ഉണ്ടായ 2018 ൽ ആഗസ്റ്റ് മാസംആണ് പ്രളയം എല്ലാമേഖലകളെയും ഒന്നടങ്കം മുക്കി കളഞ്ഞത്. എന്നാൽ 2018 മാർച്ച് മാസം നല്ല വേനൽ ആയിരിക്കെ, അതിശക്തമായ മഴ എന്ന് രേഖപ്പെടുത്തി, ഏകപക്ഷീയമായി നിർവ്വഹണ ഉദ്യോഗസ്ഥൻ സമയം ദീർഘിപ്പിച്ച നൽകി കരാറുകാരന് അനർഹമായ നേട്ടം ഉണ്ടാക്കിയതായി മേൽസൂചിപ്പിച്ച വസ്തുതകൾ വ്യക്തമാക്കുന്നു.
5. പ്രവർത്തി പൂർത്തീകരണത്തിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാരണം അംഗീകരിച്ചാൽപ്പോലും, ആദ്യ തവണയ്ക്കുശേഷം പ്രവർത്തി പൂർത്തീകരിക്കുന്നതിന് അനുമതി നൽകിയത് കരാറുകാരന്റെ അപേക്ഷ ഇല്ലാതെയാണ് എന്ന് കാണാം. കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകാതിരിക്കുകയും, എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ ടി പ്രവർത്തിക്ക് ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2116.1 പ്രകാരം പ്രവർത്തി പൂർത്തീകരണത്തിനായി അനധികൃതമായി എടുക്കുന്ന ഓരോ ആഴ്ചക്കും,കരാർ തുകയുടെ 0.1%(പരമാവധി കരാർ തുകയുടെ 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

കരാറുകാരന്റെ അപേക്ഷ പ്രകാരം ദീർഘീകരണംഅനുവദിക്കാവുന്നത് = 03-05-2018 വരെ.

പ്രവർത്തി പൂർത്തീകരിച്ച തീയതി = 17-05-2018.

അധികം എടുത്തത് = 14 ദിവസങ്ങൾ / 2 ആഴ്ച.

ഫൈൻ ആയി ഈടാക്കേണ്ട തുക = 3766437 x 0.2% = 7533/-

നിയമപ്രകാരം അനുവദിക്കാവുന്നതിലും അധികം സമയം പൂർത്തീകരണത്തിന് അനുവദിച്ചതിനും, ആയതിന് കൗൺസിൽ തീരുമാനം എടുക്കാതിരുന്നതിനും, കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെ തുക അനുവദിച്ചതിനും, മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി-37/18-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കാതിരുന്നതു മൂലം അധികം നൽകിയ 7533/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.

(എസ്സ്.ഒ -088/18)

അടങ്കൽ - 4000000/-

ആകെ മൂല്യം-3159202/-

കരാറുകാരൻ-എസ്സ്.രമേശ്.

കരാർനം./തീയതി-1)48/ME/LSGD/Mvka/Mlty/2017-18dt.05-12-2017

കരാർ തുക-3766437/-

പൂർത്തീകരണ കാലാവധി-4 മാസം

MB.No.58/17-18,

ഫൈനൽ ബിൽ നം, തീയതി, തുക- 15/18-19, 29/08/2018, 517108/-

# 1-61 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ -

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 121 പ്രൊജക്ടുകളായിരുന്നു നിർവ്വഹണത്തിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 70 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത് (58% മാത്രം). ടി മേഖലയിൽ ഏകദേശം പകുതിയിലേറെ തുക ചെലവഴിക്കപ്പെട്ടില്ല. പദ്ധതികളുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെ വളരെയേറെ മനുഷ്യാദ്ധ്വാനവും, സമയവും, പണവും ചെലവഴിച്ചാണ് പദ്ധതികൾ നിർവ്വഹണഘട്ടത്തിലെത്തുന്നത്. ആയത് പദ്ധതികാലയളവിനുള്ളിൽ നിർവ്വഹിക്കപ്പെടാതെ പോകുന്നത് മൂലം അതെല്ലാം പാഴായിപ്പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. മാത്രവുമല്ല, ഇതുമൂലം പ്രയോജനം ലഭിക്കേണ്ട വിവിധ പ്രദേശങ്ങളിലെ വളരെയധികം ജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകാതെയും വരുന്നു. ഈ അവസ്ഥ ഒട്ടും ആശാസ്യമല്ല.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ അപൂർവ്വം ചില മരാമത്ത് പ്രവർത്തികളുടെ ഫയലിൽ മാത്രമാണ് ഇപ്രകാരം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

3.പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

5. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

6.1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ അപൂർവ്വമായി മാത്രമെ പാലിച്ചിട്ടുള്ളു.

7.കരാർ രജിസ്റ്ററിൽ, ഭൂരിഭാഗം പ്രവർത്തികളെ സംബന്ധിച്ചും, കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

8. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടില്ല.

9.1994 ലെ കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 346,347എന്നിവ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് മുനിസിപ്പാലിറ്റികളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-15/16-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-62 അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ മസ്റ്റർ റോൾ സൂക്ഷിപ്പിൽ അലംഭാവം

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ മസ്റ്റർ റോൾ സൂക്ഷിപ്പിൽ തൊഴിലുറപ്പ് വിഭാഗം വ്യക്തമായ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മസ്റ്റർ റോളിൽ വ്യാപകമായ വെട്ടിത്തിരുത്തൽ

| പ്രവൃത്തിയുടെ പേര് | വിശദാംശം |
|---|---|
| ബൈബിൾ കോളജ് -കല്ലുമല റോഡ് -ഓട വൃത്തിയാക്കൽ | മസ്റ്റർ റോൾ നം .57 പ്രകാരം നടപ്പാക്കിയ ഈ പ്രവൃത്തിയിൽ ക്രമ നം.4 സുമതിയുടെയും ക്രമ നം.6 വിജയയുടെയും ഹാജർ 8 എന്നത് വെട്ടി 9 എന്ന് ആക്കിയിരിയ്ക്കുന്നു |
| പുതിയകാവ് മുതൽ പ്രായിക്കര വരെ ഓട വൃത്തിയാക്കൽ | മസ്റ്റർ റോൾ നം.82, 84 എന്നിവ പ്രകാരം നടപ്പാക്കിയ ഈ പ്രവൃത്തിയിൽ മേരിക്കുട്ടി, സരള എന്നീ തൊഴിലാളികളുടെ പ്രവൃത്തി ദിനങ്ങൾ, ഹാജർ വിവരങ്ങളിൽ ഉപയോഗിയ്ക്കുവാൻ അനുമതി ഇല്ലാത്ത വൈറ്റ്നർ ഉപയോഗിച്ച് തിരുത്തൽ വരുത്തിയിരിയ്ക്കുന്നു |

2. മസ്റ്റർ റോളിൽ തീയതി എഴുതുന്നില്ല

പരിശോധനാ വിധേയമാക്കിയ ഒട്ടു മിക്ക മസ്റ്റർ റോളുകളിലും പ്രവൃത്തി നടന്ന തീയതി രേഖപ്പെടുത്തുന്നില്ല. അതു പോലെ തൊഴിലാളികൾക്ക് വേതനം നല്കുവാൻ തയ്യാറാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിലും തീയതി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ പ്രവൃത്തി നടന്ന തീയതിയുടെ കൃത്യത വിലയിരുത്തുവാൻ സാധിയ്ക്കില്ല.

3. മസ്റ്റർ റോളിലെ ഹാജർ വിവരം അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരാണത്താൽ കൃത്യമായ ഹാജരിന് അനുസൃതമായാണോ തൊഴിലാളികൾക്ക് വേതനം നല്കിയിട്ടുള്ളത് എന്നതിൽ വ്യക്തതയില്ല.

തൊഴിലാളികൾക്ക് വേതനം അനുവദിയ്ക്കുന്നതിന് ഏറ്റവും അനിവാര്യ രേഖയായ മസ്റ്റർ റോളിന്റെ സൂക്ഷിപ്പ് കുറ്റമറ്റതാക്കുവാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

പരാമർശമില്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ടെണ്ടർ ഡിഡക്ഷൻ തെറ്റായി കുറവ് ചെയ്ത് അധികം തുക നൽകി-നഷ്ടം-1067/-രൂപ

7-ാം വാർഡിൽ മുണ്ട് പാലം - പൂമാത്ര റോഡ് റീ- ടാറിംഗ് (പ്രൊജക്ട് നം. എസ്സ്.ഒ -018/19) എന്ന പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 344761/-രൂപയായിരുന്നു. പ്രവർത്തി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ, താഴെ ചേർക്കുന്ന രണ്ട് ടെണ്ടറുകളായിരുന്നു ലഭിച്ചത്.

| കരാറുകാരന്റെ പേര് | ഇ-ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത നിരക്ക് |
|---|---|
| സുരേഷ്ബാബു.ഡി. | 6.3% കുറഞ്ഞ നിരക്ക് |
| ഗോപിനാഥപിള്ള | 5.99.% കുറഞ്ഞ നിരക്ക് |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സുരേഷ്ബാബു.ഡി. എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് പ്രവർത്തി നിർവ്വഹിച്ചു. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ കുറഞ്ഞ നിരക്കായ 6.3% കുറവ് ചെയ്ത് തുക നൽകുന്നതിന് പകരം ബില്ലിൽ നിന്നും 5.99.% മാത്രം കുറവ് ചെയ്ത് തുക നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടമുണ്ടായി.

<u>നൽകാവുന്ന തുക -</u>

ആകെ പ്രവർത്തി മൂല്യം = 344231.00

(-) 6.3% കുറവ് - <u>= 21686.00</u>

<u>322545.00</u>

<u>നൽകിയ തുക -</u>

ആകെ പ്രവർത്തി മൂല്യം = 344231.00

(-) 5.99% കുറവ് <u>= 20619.00</u>

<u>= 323612.00</u>

അധികം നൽകിയത് = 323612 - 322545 <u>= 1067/-</u>

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-13 16-03-2020)മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 1067/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>അനുബന്ധ വിവരങ്ങൾ</u>

അടങ്കൽ - 344761/-

ആകെ മൂല്യം-344231/-

കരാറുകാരൻ-സുരേഷ് ബാബു.ഡി (6.3% കുറഞ്ഞ നിരക്ക്)

കരാർനം./തീയതി-1)49/ME/LSGD/Mvka/Mlty/2017-18dt.14-12-2017.

കരാർ തുക-344760/-

പൂർത്തീകരണ കാലാവധി-3 മാസം (TS, ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ്(e-GP), തുടങ്ങിയവ പ്രകാരം)

MB.No.79/17-18,

ഫൈനൽ ബിൽ നം, തീയതി, തുക- 13/18-19, 29/06/2018, 323612/-

## 3-2 കെൽട്രോണിന് അധിക തുക നല്കി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -തുക നിരാകരിയ്ക്കുന്നു

നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി വികസനഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 239/18-19 |
| പദ്ധതിയുടെ പേര് | ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| ഫണ്ടിനം, തുക | വികസനഫണ്ട്(ജനറൽ) 490000 |
| ചെലവ് | 414819 |
| ബിൽ നമ്പർ തീയതി | 45/18-19 തീയതി. 10.12.18 |

20.06.2018 ലെ പ്രോക്യുയർമെന്റ് കമ്മറ്റിയുടെ തീരുമാന പ്രകാരം നഗരസഭ ഓഫീസിലേക്ക് IKM Technical Officer ഹാജരാക്കിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 12 കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ശുപാർശ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 9 കമ്പ്യൂട്ടറുകളും 4 പ്രിന്ററുകളും KELTRON ൽ നിന്നും വാങ്ങുകയുണ്ടായി.

KELTRON-നിന്നും വാങ്ങിയ കമ്പ്യൂട്ടറിന്റെ വിലവിവരം ചുവടെ ചേർക്കുന്നു

| ഇനം | നിരക്ക് | എണ്ണം | വില |
|---|---|---|---|
| Desktop Medium end-windows-10 prof | 41259 | 9 | 371331 |

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (cprcs.kerala.gov.in) മുഖേന വാങ്ങേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ 7.52 ആയി ഖണ്ഡിക കൂട്ടിച്ചേർക്കുകയും ഐ.ടി. വകുപ്പ് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.(ജി.ഒ.(എം.എസ്)നം. 31/2018/ഐ.റ്റി.ഡി. തിരുവനന്തപുരം, തീയതി. 24.11.18.)

സി.പി.ആർ.സി.എസ്.പ്രസിദ്ധീകരിച്ച ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലവിവര പട്ടിക പ്രകാരം KELTRON ൽ നിന്നും നഗരസഭ വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ യഥാർത്ഥ വില ചുവടെ ചേർക്കും പ്രകാരമാണ് .

| ഇനം | നിരക്ക് | എണ്ണം | വില |
|---|---|---|---|
| Desktop Medium end-windows-10 prof | 38533 | 9 | 346797 |

സി.പി.ആർ.സി.എസ്. ഓൺലൈൻ പോർട്ടൽ വഴി കമ്പ്യൂട്ടർ വാങ്ങുകയായിരുന്നുവെങ്കിൽ 24,534/- രൂപയുടെ കുറവ് വാങ്ങലിൽ ഉണ്ടാവുമായിരുന്നു. സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തിയതിലൂടെ ഉണ്ടായ അധിക ചെലവ് തുകയായ 24534/- രൂപ നിരാകരിയ്ക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. /തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം.62/19) | 95/27.10.2018 | 281032 | - | 281032 |
| കെ.ഡബ്ല്യൂ.എ. | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം.105/19) | 132/27.11.2018 | 300000 | | 300000 |
| ആകെ | | | | | **581032/-** |

**4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>**

--ഇല്ല--

**4-4 <u>വായ്പ/ വായ്പ തിരിച്ചടവ്</u>**

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 91,60,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC (PMAY ഭവന പദ്ധതി) | GO(MS)No.111/18/LSGD/13.08.18 | 9160000 | 9160000 | 0 | 0 | 9160000 |

**4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32,00,000/-രൂപയുടെ ക്ലീൻ കേരള മിഷന്റെ ഇക്വിറ്റി ഷെയറുകൾ |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 32,00,000രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32,00,000 രൂപ (Certificate No. 56/26.12.2016) |

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 50496/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 5405 | ശ്രീ.അജയകുമാർ, കോൺട്രാക്ടർ | 118010100638/28.05.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 3000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 118010800001/16.05.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീ.രാജു.ആർ, റവന്യൂ ഇൻസ്പെക്ടർ | 118010800002/16.05.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 900958195771/05.06.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 11091 | ശ്രീ.ഗോപിനഥ പിള്ള | 118010100985/12.06.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീ.രാജു.ആർ, റവന്യൂ ഇൻസ്പെക്ടർ | 118010500027/29.06.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 118010400034/28.09.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 900961196056/29.10.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 900961196057/29.10.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീ.രാജു.ആർ, റവന്യൂ ഇൻസ്പെക്ടർ | 118010400042/24.12.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 118010400043/24.12.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 118010400044/24.12.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീ.രാജു.ആർ, റവന്യൂ ഇൻസ്പെക്ടർ | 118010400045/24.12.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 118010400046/24.12.2018 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീ.രാജു.ആർ,റവന്യൂ ഇൻസ്പെക്ടർ | 1108010500173/13.02.2019 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 118010500226/02.03.2019 |
| ലഭ്യമല്ല | ലഭ്യമല്ല | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി, സീനിയർ ക്ലാർക്ക് | 118010500260/26.03.2019 |
| ലഭ്യമല്ല | ലഭ്യമല്ല | 4000 | ശ്രീ.രാജു.ആർ, റവന്യൂ ഇൻസ്പെക്ടർ | 118010500261/26.03.2019 |
| ആകെ | | 50496 | | |

RP(29) പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിലുള്ള തുക 56496/- രൂപയാണ്. എന്നാൽ 50496/- രൂപയുടെ വിവരം മാത്രമാണ് ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയത്. റിക്കവറി ഇനത്തിലെ ബാക്കി തുകയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-16 | --- | 4-12-1 | കാർഷിക പദ്ധതി | പരാമർശം നിലനിൽക്കുന്നു. |

**4-8 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 22,47,46,231 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,69,22,108 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25,601 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,34,104 |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,067 | ശ്രീമതി.അഞ്ജു, അസിസ്റ്റന്റ് എൻജിനീയർ |
| 3-2 | | 24,534 | ശ്രീ.ബിനുജി.ജി,സെക്രട്ടറി |
| ആകെ | | 25601 | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38 | 57,998 | ഡോ.കോശി ഇടിക്കുള, മെഡിക്കൽ ഓഫീസർ |
| 1-39 | 60,000 | ശ്രീമതി.ആശാറാണി, വ്യവസായ വികസന ഓഫീസർ |
| 1-40 | 19,85,550 | ശ്രീ.ബിനുജി, സെക്രട്ടറി |
| 1-42 | 1,12,312 | ശ്രീ.ബിനുജി, സെക്രട്ടറി |
| 1-47(1) | 28650 | ശ്രീ.എം.എൻ.പ്രസാദ്, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |
| 1-47(2) | 100000 | ശ്രീ.എം.എൻ.പ്രസാദ്, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |
| 1-57 | 89,594 | ശ്രീമതി.അഞ്ജു, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 24,34,104 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അഞ്ചു.പി.റ്റി,<br>മുൻസിപ്പൽ എൻജിനീയർ | മുൻസിപ്പൽ എൻജിനീയർ,<br>മാവേലിക്കര നഗരസഭ | ടി.സി.9/1637(1), കൈവേരി,<br>എസ്.എം.ആർ.എ-105, ആശ്രമം ലേൻ,<br>ശാസ്തമംഗലം.പി.ഒ,<br>തിരുവനന്തപുരം -695010 |
| ശ്രീ.ബിനുജി.ജി, സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി, പന്തളം നഗരസഭ | കണ്ണംപള്ളിയിൽ, പായിക്കുഴി, ഓച്ചിറ, കൊല്ലം |
| ഡോ.കോശി ഇടിക്കുള,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി, മാവേലിക്കര | പേരെങ്ങാട്ടു മിസ്പാ, കല്ലുമല.പി.ഒ, മാവേലിക്കര |
| ശ്രീ.എം.എൻ. പ്രസാദ്, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ,<br>മാവേലിക്കര | മന്നത്ത് വീട്,<br>ഓലകെട്ടിയമ്പലം.പി.ഒ, മാവേലിക്കര |
| ശ്രീമതി.ആശാറാണി, വ്യവസായ വികസന ഓഫീസർ | ലഭിച്ചിട്ടില്ല | ലഭിച്ചിട്ടില്ല |
| ശ്രീ.ജയദാസ്,<br>മുനിസിപ്പൽ എഞ്ചിനീയർ | എൽ.എസ്.ജി.ഡി. വിഭാഗം,<br>വർക്കല നഗരസഭ | ലക്ഷ്മി ഭവനം, വടശ്ശേരിക്കോണം.പി.ഒ.<br>വർക്കല |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് -ചെലവ്) | എൽ.എഫ്.എ.4-823/07/31.10.2007/06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/11.08.2009 |
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/01.10.2009 |
| 2008-09 | എൽ.എഫ്.എ.എം.1-500/12/06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/14.12.2012 |

| | |
|---|---|
| 2009-10 (വരവ്), 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.എം.1-1991/2014/27.02.2015/01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/4.8.2015/31.08.2015 |
| 2014-15 | കെ.എസ്.എ.എൽ.പി./എം.1/559/2016/6.06.2016 |
| 2015-16 | കെ.എസ്.എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/ 15.03.17 |
| 2016-17 | കെ.എസ്.എ.എൽ.പി./ജി.എ5/1128/17തീ.20-9-2017 |
| 2017-18 | കെ.എസ്.എ.എൽ.പി./ജി.എ5/138/19 തീ.08.04.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ8-405/2020 തീയതി: 03.06.2020

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാവേലിക്കര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്